# മാർക്സിസവും ഫാസിസവും

## ജോൺ മൊളിന്യൂ

### പരിഭാഷ : അഖിൽ

(സെപ്റ്റംബർ 2021)

ഫാസിസത്തെക്കുറിച്ചുള്ള മാർക്സിസ്റ്റ് സാഹിത്യത്തിന്റെ സമഗ്രമായ ഒരു അവലോകനം നൽകയെന്ന ലക്ഷ്യം ഈ ലേഖനത്തിനില്ല. കാരണം, ആ വിഷയവുമായി ബന്ധപ്പെട്ട മാർക്സിസ്റ്റ് രചനകൾ വളരെ വിപുലമാണ്.

പകരം, ഫാസിസത്തെക്കുറിച്ചുള്ള മാർക്സിസ്റ്റ് വിശകലനം എങ്ങനെ വികസിച്ചുവന്നുവെന്നതിന്റെ ഒരു പൊതുവായ അവലോകനമാണ് ഈ ലേഖനം നൽകുന്നത്. പ്രത്യേകിച്ച്, ഈ പ്രതിഭാസത്തെക്കുറിച്ചുള്ള മാർക്സിസ്റ്റ് ധാരണ വികസിപ്പിക്കുന്നതിൽ മറ്റാരെയുംക്കാൾ വലിയ സംഭാവന നൽകിയ ലിയോൺ ട്രോട്സ്കിയുടെ രചനകൾക്കാണ് ഇവിടെ പ്രധാന ശ്രദ്ധ നൽകുന്നത്.

അതോടൊപ്പം, ഈ വിഷയവുമായി ബന്ധപ്പെട്ട സമീപകാല വികസനങ്ങളെക്കുറിച്ചുള്ള ചില ചിന്തകളും ലേഖനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഒരു വലിയ ഫാസിസ്റ്റ് പ്രസ്ഥാനം ഉയർന്നുവന്നതും അത് തൊഴിലാളി പ്രസ്ഥാനത്തിനും സോഷ്യലിസത്തിനും വലിയ ഭീഷണിയായതുകൊണ്ടാണ് ഫാസിസത്തെക്കുറിച്ചുള്ള മാർക്സിസ്റ്റ് ആശയങ്ങൾ രൂപപ്പെടുന്നത്. അതിനാൽ, അന്നത്തെ രാഷ്ട്രീയ സംഭവങ്ങളെ വിശകലനം ചെയ്തുകൊണ്ടാണ് ഈ ആശയങ്ങൾ വളർന്നുവന്നത്. മുൻകൂട്ടി തയ്യാറാക്കിയ സിദ്ധാന്തങ്ങളിൽ നിന്നോ ചരിത്രത്തെ പിന്നീടിരുന്ന് വിലയിരുത്തിയതിലൂടെയോ അല്ല.

ഒന്നാം ലോകമഹായുദ്ധത്തിന് ശേഷം ഇറ്റലിയിലും ജർമ്മനിയിലും കടുത്ത സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ പ്രതിസന്ധികൾ ഉണ്ടായി. ഈ സാഹചര്യത്തിലാണ് ഫാസിസം ഒരു പ്രധാന രാഷ്ട്രീയ ശക്തിയായി ഉയർന്നുവന്നത്. 1920 ഫെബ്രുവരിയിൽ ഹിറ്റ്ലർ നാഷണൽ സോഷ്യലിസ്റ്റ് ജർമ്മൻ വർക്കേഴ്സ് പാർട്ടി സ്ഥാപിച്ചു. 1921 നവംബറിൽ മുസ്സോളിനി നാഷണൽ ഫാസിസ്റ്റ് പാർട്ടിയും രൂപീകരിച്ചു.

ഫാസിസം അന്നുവരെ കണ്ടിരുന്നതിൽ നിന്ന് വ്യത്യസ്തമായ ഒരു പുതിയ രാഷ്ട്രീയ പ്രതിഭാസമായിരുന്നു. സാറിന്റെ റഷ്യ, കൈസറുടെ ജർമ്മനി, പഴയ രാജവാഴ്ചകൾ തുടങ്ങിയ ഭരണകൂടങ്ങളിൽ നിന്ന് ഇത് പല കാര്യങ്ങളിലും വ്യത്യസ്തമായിരുന്നു.

അതുകൊണ്ടാണ് മാർക്സിന്റെയും എംഗൽസിന്റെയും രചനകളിൽ ഫാസിസത്തെക്കുറിച്ച് പ്രത്യേകമായ ഒരു സിദ്ധാന്തം കാണാത്തത്. അതുപോലെ കൗട്സ്കി, റോസാ ലക്സംബർഗ്, ലെനിൻ എന്നിവരുടെ കൃതികളിലും ഫാസിസത്തെക്കുറിച്ചുള്ള വ്യക്തമായ സിദ്ധാന്തം ഉണ്ടായിരുന്നില്ല. കാരണം, അവരുടെ കാലത്ത് ഫാസിസം എന്ന പ്രതിഭാസം ഇനിയും രൂപം കൊണ്ടിരുന്നില്ല.

മാർക്സിന്റെയും എംഗൽസിന്റെയും രചനകളിൽ ഫാസിസത്തോട് ഏറ്റവും അടുത്ത ആശയമായി കാണാവുന്നത് "ബോണപ്പാർട്ടിസം" എന്ന ആശയമാണ്. ഫ്രാൻസിലെ രണ്ടാം സാമ്രാജ്യത്തെയും ലൂയി നെപ്പോളിയൻ മൂന്നാമന്റെ ഭരണത്തെയും വിശകലനം ചെയ്താണ് മാർക്സ് ഈ ആശയം വികസിപ്പിച്ചത്. The Eighteenth Brumaire of Louis Bonaparte എന്ന കൃതിയിലാണ് ഇത് പ്രധാനമായും വിശദീകരിച്ചിരിക്കുന്നത്.

1848-ലെ വിപ്ലവത്തിന് ശേഷം ലൂയി നെപ്പോളിയൻ തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റായി. പിന്നീട് 1851 ഡിസംബറിൽ അദ്ദേഹം ഒരു അട്ടിമറിയിലൂടെ അധികാരം പിടിച്ചെടുത്തു, സ്വന്തം ഏകാധിപത്യ ഭരണം സ്ഥാപിച്ചു.

ബോണപ്പാർട്ടിസത്തിന്റെ പ്രധാന സവിശേഷതകൾ ശക്തമായ ഭരണാധികാരം, ജനാധിപത്യ അവകാശങ്ങളുടെ കുറവ്, റിപ്പബ്ലിക്കൻ ശക്തികളെയും ഇടതുപക്ഷത്തെയും അടിച്ചമർത്തൽ എന്നിവയായിരുന്നു.

മാർക്സിന്റെ അഭിപ്രായത്തിൽ, മുതലാളിവർഗത്തിന് നേരിട്ട് രാജ്യം ഭരിക്കാനുള്ള കഴിവ് നഷ്ടപ്പെട്ടതും തൊഴിലാളിവർഗം ഇനിയും അധികാരം നേടാത്തതുമായ ഒരു സാഹചര്യത്തെയാണ് ഈ ഭരണം പ്രതിനിധീകരിച്ചത്.

ഈ സാഹചര്യത്തിൽ സംസ്ഥാനം ഒരു പരിധിവരെ സ്വതന്ത്രമായി പ്രവർത്തിക്കുന്നതുപോലെ തോന്നി. അത് മുതലാളിവർഗത്തിനും തൊഴിലാളിവർഗത്തിനുമിടയിൽ തുലനം പാലിക്കുന്നതുപോലെയും അവരെ പരസ്പരം എതിർക്കുന്നതുപോലെയും പ്രവർത്തിച്ചു. എന്നാൽ അവസാനം അത് സംരക്ഷിച്ചത് മുതലാളിവർഗത്തിന്റെ താൽപര്യങ്ങളെയായിരുന്നു.

തങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ ആധിപത്യം നിലനിർത്താൻ, മുതലാളിവർഗം നേരിട്ടുള്ള രാഷ്ട്രീയ അധികാരത്തിന്റെ ഒരു ഭാഗം വിട്ടുകൊടുത്തുവെന്നാണ് മാർക്സ് വാദിച്ചത്.

ഈ ആശയങ്ങൾ പിന്നീട് ഫാസിസത്തെ മനസ്സിലാക്കാൻ സഹായകമായി. എന്നാൽ മുസ്സോളിനിയുടെയും ഹിറ്റ്ലറുടെയും ഫ്രാങ്കോയുടെയും ഫാസിസ്റ്റ് ഭരണകൂടങ്ങൾ സൃഷ്ടിച്ച നാശവും ക്രൂരതയും ചരിത്രപരമായ സ്വാധീനവും ലൂയി നെപ്പോളിയന്റെ ഭരണത്തേക്കാൾ വളരെ വലുതായിരുന്നു. അതിനാൽ ബോണപ്പാർട്ടിസം എന്ന ആശയം മാത്രം ഉപയോഗിച്ച് ഫാസിസത്തെ പൂർണമായി വിശദീകരിക്കാൻ കഴിയില്ല.

## ഇറ്റലിയിലെ ഫാസിസം: ആദ്യ പ്രതികരണം

ഫാസിസം ആദ്യമായി ഒരു യഥാർത്ഥ ഭീഷണിയായി ഉയർന്നുവന്നത് ഇറ്റലിയിലായിരുന്നു. അതുകൊണ്ടുതന്നെ ഫാസിസത്തെ സൈദ്ധാന്തികമായി വിശദീകരിക്കാൻ ആദ്യ ശ്രമം നടത്തേണ്ടി വന്നത് ഇറ്റാലിയൻ മാർക്സിസ്റ്റുകൾക്കായിരുന്നു. എന്നാൽ ഈ കാര്യത്തിൽ അവർ വലിയ വിജയം കൈവരിച്ചില്ല.

1920–21 കാലഘട്ടത്തിൽ മുസ്സോളിനിയുടെ ഫാസിസ്റ്റ് പ്രസ്ഥാനം വളർന്നുവന്നപ്പോഴും 1922 ഒക്ടോബറിൽ അദ്ദേഹം അധികാരത്തിലെത്തിയപ്പോഴും, ഇറ്റലിയിലെ ഏറ്റവും സ്വാധീനമുള്ള മാർക്സിസ്റ്റ് ഇറ്റാലിയൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ (PCI) ആദ്യ നേതാവായ അമദിയോ ബോർഡിഗ ആയിരുന്നു.

ബോർഡിഗ കടുത്ത അതിതീവ്ര ഇടതുപക്ഷ നിലപാടുകളുള്ള ആളായിരുന്നു. പാർട്ടിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടും വളരെ അമൂർത്തവും പ്രചാരണകേന്ദ്രിതവുമായിരുന്നു.

ഫാസിസത്തെ അദ്ദേഹം മുതലാളിവർഗത്തിന്റെ അടിച്ചമർത്തലിന്റെ മറ്റൊരു രൂപമായി മാത്രമാണ് കണ്ടത്. ഫാസിസത്തിനും ബൂർഷ്വാ ജനാധിപത്യത്തിനും ഇടയിൽ വലിയ വ്യത്യാസമൊന്നുമില്ലെന്നാണ് അദ്ദേഹത്തിന്റെ നിലപാട്. അതിനാൽ ഫാസിസത്തെക്കുറിച്ച് പ്രത്യേകമായോ വ്യക്തമായോ ഒരു വിശകലനം നടത്തേണ്ട ആവശ്യം അദ്ദേഹം കണ്ടില്ല.

ഇതിന്റെ ഫലമായി, 1922 മാർച്ചിൽ നടന്ന PCI-യുടെ റോം കോൺഗ്രസിൽ അവതരിപ്പിച്ച പ്രധാന രാഷ്ട്രീയ റിപ്പോർട്ടിൽ ഫാസിസത്തെക്കുറിച്ച് വളരെ കുറച്ചേ പരാമർശിച്ചിരുന്നുള്ളു. ആ റിപ്പോർട്ട് തയ്യാറാക്കിയത് ബോർഡിഗയായിരുന്നു.

ഫാസിസത്തിനെതിരെ ഒരു ഐക്യമുന്നണി രൂപീകരിക്കണമെന്ന ആശയത്തെയും ബോർഡിഗ എതിർത്തു. മാത്രമല്ല, 1922-ൽ കമ്മ്യൂണിസ്റ്റ് ഇന്റർനാഷണൽ സ്വീകരിച്ച ഐക്യമുന്നണി തന്ത്രത്തെയാകെ അദ്ദേഹം എതിർത്തു.

ഇതിന്റെ ഫലമായി, മുസ്സോളിനി ഉയർത്തിയ ഭീഷണിയെ ശരിയായി തിരിച്ചറിയുന്നതിലും അദ്ദേഹത്തിന്റെ അധികാര പിടിച്ചെടുപ്പിനെതിരെ പ്രത്യേക പ്രതിരോധം സംഘടിപ്പിക്കുന്നതിലും PCI പരാജയപ്പെട്ടു.

ഗ്രാംഷി ഈ കാര്യത്തിൽ ബോർഡിഗയെക്കാൾ മെച്ചപ്പെട്ട നിലപാടിലായിരുന്നു. ഇറ്റാലിയൻ കമ്മ്യൂണിസ്റ്റുകളിൽ ഒരുപക്ഷേ അദ്ദേഹം മാത്രമായിരുന്നു ഫാസിസ്റ്റുകൾ അധികാരത്തിലെത്താനുള്ള സാധ്യത വ്യക്തമായി കണ്ടത്.

എന്നാൽ ഗ്രാംഷിയും ഫാസിസത്തെക്കുറിച്ച് ഏതാനും പത്രലേഖനങ്ങൾ മാത്രമാണ് എഴുതിയത്. ഫാസിസത്തെക്കുറിച്ചുള്ള സമഗ്രമായ ഒരു സൈദ്ധാന്തിക വിശകലനം അദ്ദേഹം വികസിപ്പിച്ചില്ല.

കൂടാതെ, ബോർഡിഗയുടെ സ്വാധീനത്തിൽ, ഗ്രാംഷിയും 1920-കളുടെ മധ്യകാലം വരെ ഫാസിസത്തിനെതിരായ ഐക്യമുന്നണി എന്ന ആശയത്തെ എതിർത്തിരുന്നു.

ക്ലാര സെറ്റ്കിൻ: ഫാസിസത്തെക്കുറിച്ചുള്ള ആദ്യ പ്രധാന മാർക്സിസ്റ്റ് വിശകലനം

ഫാസിസത്തെക്കുറിച്ചുള്ള ആദ്യത്തെ പ്രധാന മാർക്സിസ്റ്റ് വിശകലനം അവതരിപ്പിച്ചത് ജർമ്മൻ കമ്മ്യൂണിസ്റ്റ് നേതാവും റോസാ ലക്സംബർഗിന്റെ അടുത്ത

സഹപ്രവർത്തകയുമായ ക്ലാര സെറ്റ്കിനാണ്. 1923-ൽ കമ്മ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ (കോമിന്റേൺ) എക്സിക്യൂട്ടീവിന് സമർപ്പിച്ച റിപ്പോർട്ടിലാണ് അവർ ഈ വിശകലനം അവതരിപ്പിച്ചത്.

ഫാസിസം തൊഴിലാളിവർഗത്തിനും സോഷ്യലിസത്തിനും അതീവ അപകടകരമായ ശത്രുവാണെന്ന് സെറ്റ്കിൻ ഊന്നിപ്പറഞ്ഞു. അത് ലോക മുതലാളിവർഗം തൊഴിലാളികൾക്കെതിരെ നടത്തുന്ന ആക്രമണത്തിന്റെ ഏറ്റവും ശക്തമായ രൂപമാണെന്ന് അവർ കരുതി.

സെറ്റ്കിന്റെ അഭിപ്രായത്തിൽ, ഫാസിസം മുതലാളിത്ത വ്യവസ്ഥയുടെ ആഴത്തിലുള്ള പ്രതിസന്ധിയുടെ ഫലമായിരുന്നു. ഈ പ്രതിസന്ധി തൊഴിലാളികളെ മാത്രമല്ല, ബുദ്ധിജീവികളെയും ചെറുകിട മധ്യവർഗക്കാരെയും ദാരിദ്ര്യത്തിലേക്കും നിരാശയിലേക്കും തള്ളിവിട്ടു.

ഹംഗറിയിലെ ഹോർത്തി ഭരണകൂടത്തിന്റെ ഭീകരതയും ഫാസിസവും തമ്മിലുള്ള ഒരു പ്രധാന വ്യത്യാസവും അവർ ചൂണ്ടിക്കാട്ടി. ഹോർത്തിയുടെ അടിച്ചമർത്തൽ പ്രധാനമായും ഒരു ചെറിയ സൈനിക-ഭൂവുടമ വിഭാഗത്തിന്റെ പ്രവർത്തനമായിരുന്നു. എന്നാൽ ഫാസിസത്തിന് വലിയ ജനപിന്തുണയും വിശാലമായ സാമൂഹിക അടിത്തറയും ഉണ്ടായിരുന്നു.

വിപ്ലവം വിജയത്തിലെത്തുന്നതിൽ തൊഴിലാളി പ്രസ്ഥാനം പരാജയപ്പെട്ടതിന്റെ ചരിത്രപരമായ ശിക്ഷയാണ് ഫാസിസമെന്ന് സെറ്റ്കിൻ വിലയിരുത്തി. ഈ പരാജയത്തിന് സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടികൾക്കും ഒരു പരിധിവരെ കമ്മ്യൂണിസ്റ്റ് പാർട്ടികൾക്കും ഉത്തരവാദിത്തമുണ്ടെന്ന് അവർ കരുതി.

സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ടുപോയവരും നിരാശരായവരും രാഷ്ട്രീയമായി ഭവനരഹിതരായവരും ഫാസിസത്തിലേക്ക് ആകർഷിക്കപ്പെട്ടു. സോഷ്യലിസത്തിൽ നിന്ന് അവർ പ്രതീക്ഷിച്ച മാറ്റം ഫാസിസം നൽകുമെന്ന് അവർ വിശ്വസിച്ചു. വർഗസമരങ്ങളെ മറികടന്ന് ഒരു ദേശീയ ഐക്യം സൃഷ്ടിക്കാമെന്നാണ് അവർ കരുതിയത്.

ഫാസിസത്തെ നേരിടാൻ പോലീസിന്റെ നടപടികൾ മാത്രം മതിയാകില്ലെന്നും സെറ്റ്കിൻ വാദിച്ചു. ഫാസിസം അക്രമം മാത്രമല്ല; ജനങ്ങളുടെ പ്രശ്നങ്ങളെ സ്പർശിക്കുന്ന ചില

മുദ്രാവാക്യങ്ങളും അത് ഉപയോഗിക്കുന്നു. അതിനാൽ അതിനെ രാഷ്ട്രീയമായും ആശയപരമായും എതിർക്കണം.

അതേസമയം, തൊഴിലാളിവർഗം സംഘടിത ശക്തിയിലൂടെ ഫാസിസ്റ്റ് അക്രമത്തെ ചെറുക്കണമെന്നും അവർ പറഞ്ഞു. വ്യക്തിഗത ഭീകരപ്രവർത്തനങ്ങൾ പരിഹാരമല്ലെന്ന് അവർ വ്യക്തമാക്കി.

ഫാസിസത്തിനെതിരെ എല്ലാ തൊഴിലാളി സംഘടനകളും പാർട്ടികളും ഒരുമിച്ച് പോരാടുന്ന തൊഴിലാളി ഐക്യമുന്നണി ആവശ്യമാണ് എന്നതും അവരുടെ പ്രധാന വാദമായിരുന്നു. കൂടാതെ തൊഴിലാളികളുടെയും കർഷകരുടെയും സർക്കാർ എന്ന മുദ്രാവാക്യവും അവർ മുന്നോട്ടുവച്ചു.

പിന്നീട് ട്രോട്സ്കി നാസിസത്തെ വിശകലനം ചെയ്യുമ്പോൾ സെറ്റ്കിന്റെ പല ആശയങ്ങളും വികസിപ്പിച്ചു. എന്നാൽ 1924-ന് ശേഷം കോമിന്റേൺ ഈ നിലപാട് ഉപേക്ഷിച്ചു.

സിനോവിയേവും പിന്നീട് സ്റ്റാലിനും സോഷ്യൽ ഡെമോക്രസിയെ "സോഷ്യൽ ഫാസിസം" എന്ന് വിശേഷിപ്പിച്ചു. സോഷ്യൽ ഡെമോക്രാറ്റുകളും ഫാസിസ്റ്റുകളും ഒരേ മുതലാളിത്ത വ്യവസ്ഥയുടെ രണ്ട് ചിറകുകളാണെന്ന് അവർ വാദിച്ചു.

ഈ നിലപാട് കമ്മ്യൂണിസ്റ്റ് തൊഴിലാളികളും സോഷ്യൽ ഡെമോക്രാറ്റിക് തൊഴിലാളികളും തമ്മിലുള്ള ഐക്യമുന്നണിയെ അസാധ്യമാക്കി. പിന്നീട് ജർമ്മനിയിൽ നാസിസത്തിനെതിരായ പോരാട്ടത്തിൽ ഇത് വലിയ തിരിച്ചടിയുണ്ടാക്കി.

ഈ "സോഷ്യൽ ഫാസിസം" സിദ്ധാന്തം യഥാർത്ഥ ഇടതുതീവ്രതയല്ലെന്നും, മറിച്ച് മറ്റ് രാഷ്ട്രീയ ശക്തികളുമായുള്ള അവസരവാദ സഖ്യങ്ങളെ മറച്ചുവെക്കാനുള്ള ഒരു മാർഗമായിരുന്നുവെന്നും പിന്നീട് ട്രോട്സ്കി വാദിച്ചിട്ടുണ്ട്.

## ട്രോട്സ്കിയുടെ വിശകലനം

ഇപ്പോൾ നാം ഫാസിസത്തെക്കുറിച്ചുള്ള ഏറ്റവും പ്രധാനപ്പെട്ട മാർക്സിസ്റ്റ് വിശകലനത്തിലേക്കാണ് വരുന്നത് . അത് ലിയോൺ ട്രോട്സ്കിയുടേതാണ്.
ഇതിനെക്കുറിച്ച് ആദ്യം രണ്ട് കാര്യങ്ങൾ പറയേണ്ടതുണ്ട്.

ഒന്നാമതായി, ട്രോട്സ്കി ഈ വിശകലനം തയ്യാറാക്കിയത് അതീവ പ്രയാസകരമായ സാഹചര്യങ്ങളിലായിരുന്നു. അത്തരം സാഹചര്യങ്ങളിൽ ഇത് സാധ്യമാക്കിയതുതന്നെ ഒരു അസാധാരണ നേട്ടമായിരുന്നു.
1927-ൽ ട്രോട്സ്കിയെ സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്ന് പുറത്താക്കി. 1928-ൽ അദ്ദേഹത്തെ ചൈനയുടെ അതിർത്തിക്കടുത്തുള്ള ആൽമാ ആറ്റയിലേക്ക് നിർബന്ധിത നാടുകടത്തലിന് വിധേയനാക്കി. 1929-ൽ അദ്ദേഹത്തെ തുർക്കിയുടെ തീരത്തുള്ള പ്രിങ്കിപ്പോ ദ്വീപുകളിലേക്ക് വീണ്ടും നാടുകടത്തി.
ഈ കാലഘട്ടത്തിൽ അദ്ദേഹം നിരവധി ബുദ്ധിമുട്ടുകൾ നേരിട്ടു. ജർമ്മനിയിൽ നടക്കുന്ന സംഭവങ്ങളുടെ വാർത്തകൾ പോലും അദ്ദേഹത്തിന് വൈകിയാണ് ലഭിച്ചിരുന്നത്.
എന്നിരുന്നാലും, സ്വന്തം ജീവിതത്തെയും ഭാവിയെയും കുറിച്ച് മാത്രം ചിന്തിച്ചേനേ ഉള്ളൂ എന്ന സാഹചര്യത്തിലായിരുന്നിട്ടും, ട്രോട്സ്കി 1928 മുതൽ 1934 വരെ ജർമ്മനിയിലെ സംഭവവികാസങ്ങളെക്കുറിച്ച് നിരവധി പ്രധാന ലേഖനങ്ങൾ എഴുതി. പിന്നീട് അവയെല്ലാം ചേർന്ന് ഏകദേശം 500 പേജുള്ള ഒരു ഗ്രന്ഥമായി മാറി.
ഇതോടൊപ്പം തന്നെ അദ്ദേഹം The Third International After Lenin എന്ന പുസ്തകവും രചിച്ചു. കൂടാതെ മൂന്ന് വാല്യങ്ങളുള്ള History of the Russian Revolution, തന്റെ ആത്മകഥയായ My Life എന്നിവയും എഴുതി.
ഇവയ്ക്കു പുറമെ, റഷ്യ, ചൈന, സ്പെയിൻ എന്നിവിടങ്ങളിലെ രാഷ്ട്രീയ സംഭവവികാസങ്ങളെക്കുറിച്ചും മറ്റ് നിരവധി വിഷയങ്ങളെക്കുറിച്ചും അദ്ദേഹം തുടർച്ചയായി ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു.

ഇത്രയും പ്രതികൂല സാഹചര്യങ്ങൾക്കിടയിലും ട്രോട്സ്കി നടത്തിയ ഈ ബൗദ്ധിക പ്രവർത്തനം ശ്രദ്ധേയമായ ഒരു ചരിത്ര നേട്ടമായാണ് കണക്കാക്കപ്പെടുന്നത്.
ട്രോട്സ്കിയുടെ വിശകലനത്തെക്കുറിച്ച് രണ്ടാമതായി പറയേണ്ട ഒരു പ്രധാന കാര്യമുണ്ട്.

ഫാസിസത്തെക്കുറിച്ചുള്ള ട്രോട്സ്കിയുടെ സിദ്ധാന്തം ഒരു പ്രത്യേക ഗവേഷണപഠനത്തിന്റെ ഫലമായി രൂപപ്പെട്ടതല്ല. ഉദാഹരണത്തിന്, അദ്ദേഹത്തിന്റെ റഷ്യൻ വിപ്ലവത്തിന്റെ ചരിത്രം എന്ന ഗ്രന്ഥം പോലെ ദീർഘകാല അക്കാദമിക് പഠനത്തിന്റെ ഫലമായിരുന്നില്ല അത്.
മറിച്ച്, മോസ്കോയുടെ നിയന്ത്രണത്തിലുണ്ടായിരുന്ന കമ്മ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ (കോമിന്റേൺ) ഫാസിസത്തെക്കുറിച്ചുള്ള നിലപാടിനെതിരെ നടത്തിയ രാഷ്ട്രീയ

പോരാട്ടത്തിന്റെയും വാദപ്രതിവാദങ്ങളുടെയും ഇടയിലാണ് ഈ വിശകലനം രൂപപ്പെട്ടത്.

1928-ൽ സ്റ്റാലിന്റെ നേതൃത്വത്തിലുള്ള കോമിന്റേൺ, 1924-ൽ സിനോവിയേവും സ്റ്റാലിനും മുന്നോട്ടുവച്ച "സോഷ്യൽ ഫാസിസം" സിദ്ധാന്തത്തെ കൂടുതൽ ശക്തമായ രൂപത്തിൽ സ്വീകരിച്ചു. ഇത് പിന്നീട് "മൂന്നാം ഘട്ട സ്റ്റാലിനിസം" (Third Period Stalinism) എന്ന പേരിൽ അറിയപ്പെട്ടു.
ഈ സിദ്ധാന്തമനുസരിച്ച്, ഒന്നാം ലോകമഹായുദ്ധത്തിന് ശേഷമുള്ള ചരിത്രത്തെ മൂന്ന് ഘട്ടങ്ങളായി വിഭജിച്ചു.

1917 മുതൽ 1924 വരെ ഒന്നാം ഘട്ടം. ഇത് വിപ്ലവ മുന്നേറ്റങ്ങളുടെ കാലഘട്ടമാണെന്ന് പറഞ്ഞു.
1925 മുതൽ 1928 വരെ രണ്ടാം ഘട്ടം. ഇത് മുതലാളിത്ത വ്യവസ്ഥ സ്ഥിരത കൈവരിച്ച കാലമാണെന്ന് വിലയിരുത്തി.
1928 മുതൽ മൂന്നാം ഘട്ടം ആരംഭിച്ചു എന്ന് അവർ പ്രഖ്യാപിച്ചു. ഇത് മുതലാളിത്തത്തിന്റെ അന്തിമ പ്രതിസന്ധിയും പുതിയ വിപ്ലവങ്ങളുടെ ഉയർച്ചയും ഉണ്ടാകുന്ന കാലമാണെന്ന് അവർ അവകാശപ്പെട്ടു.

ഈ നിലപാടിന്റെ അടിസ്ഥാനത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് ചില നിർദേശങ്ങൾ നൽകി. മറ്റ് തൊഴിലാളി സംഘടനകളുമായുള്ള ഐക്യമുന്നണി പ്രവർത്തനങ്ങൾ അവസാനിപ്പിക്കണം. പ്രത്യേക "ചുവപ്പ്" ട്രേഡ് യൂണിയനുകൾ രൂപീകരിക്കണം. സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടികളെ ഫാസിസ്റ്റുകളായി കണക്കാക്കണം. പലപ്പോഴും അവരെയാണ് പ്രധാന ശത്രുവായി കാണേണ്ടതെന്നും നിർദേശിച്ചു.

ട്രോട്സ്കിയുടെ അഭിപ്രായത്തിൽ ഈ മൂന്ന് ഘട്ട സിദ്ധാന്തം പൂർണമായും കൃത്രിമമായിരുന്നു. തൊഴിലാളിവർഗ സമരത്തിന്റെ യഥാർത്ഥ ഗതിയുമായി ഇതിന് യാതൊരു ബന്ധവുമില്ലായിരുന്നു.
മാത്രമല്ല, ജർമ്മനിയിൽ ഫാസിസ്റ്റ് ഭീഷണി അതീവ ഗുരുതരമാകുന്ന സമയത്ത് ഈ നയം ഫാസിസത്തിനെതിരായ പോരാട്ടത്തെ ദുർബലമാക്കി.

ഇതിന് രണ്ട് പ്രധാന കാരണങ്ങളുണ്ടായിരുന്നു.

ഒന്നാമതായി, സോഷ്യൽ ഡെമോക്രാറ്റുകളെയും ബ്രൂണിങ്ങിന്റെ സെന്റർ പാർട്ടി സർക്കാരിനെയും ഫാസിസ്റ്റുകൾ എന്ന് വിളിച്ചതിലൂടെ, ഫാസിസം ഇതിനകം തന്നെ

അധികാരത്തിലാണെന്ന തെറ്റായ ധാരണ സൃഷ്ടിച്ചു. അതിനാൽ ഹിറ്റ്ലറെയും നാസികളെയും പ്രത്യേക ഭീഷണിയായി കാണേണ്ട ആവശ്യമില്ലെന്ന തോന്നൽ ഉണ്ടായി.

രണ്ടാമതായി, സോഷ്യൽ ഡെമോക്രാറ്റുകളെ ഫാസിസ്റ്റുകൾ എന്ന് മുദ്രകുത്തിയതിലൂടെ ഹിറ്റ്ലറെ തടയാൻ ആവശ്യമായ തൊഴിലാളി ഐക്യമുന്നണി രൂപപ്പെടുന്നത് തടയപ്പെട്ടു.

ട്രോട്സ്കിയുടെ വിമർശനത്തിന്റെ ആദ്യ ലക്ഷ്യം ജർമ്മൻ തൊഴിലാളികളെയും കമ്മ്യൂണിസ്റ്റുകളെയും അവർ നേരിടുന്ന ഭീകരമായ അപകടത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകുക എന്നതായിരുന്നു.
അതിനായി അദ്ദേഹത്തിന്റെ ശക്തമായ വാദശേഷിയും എഴുത്തിന്റെ എല്ലാ കഴിവുകളും ട്രോട്സ്കി ഉപയോഗിച്ചു.
ഇടതുപക്ഷ പ്രതിപക്ഷത്തിന്റെ (Left Opposition) കടമ അപകടസൂചന മുഴക്കുകയാണ്. കോമിന്റേണിന്റെ നേതൃത്വം ജർമ്മൻ തൊഴിലാളിവർഗത്തെ ഒരു ഭീമമായ ദുരന്തത്തിലേക്ക് നയിക്കുകയാണ്. ആ ദുരന്തത്തിന്റെ യഥാർത്ഥ അർത്ഥം ഫാസിസത്തിന് മുന്നിൽ ഭയന്ന് കീഴടങ്ങുന്നതാണ്.

നാഷണൽ സോഷ്യലിസ്റ്റുകൾ (നാസികൾ) അധികാരത്തിലെത്തിയാൽ അതിന്റെ ആദ്യ ഫലം ജർമ്മൻ തൊഴിലാളിവർഗത്തിന്റെ ഏറ്റവും പോരാട്ടവീര്യമുള്ള ഭാഗത്തെ തകർക്കുന്നതായിരിക്കും. അവരുടെ സംഘടനകൾ നശിപ്പിക്കപ്പെടും. സ്വന്തം ശക്തിയിലുള്ള വിശ്വാസവും ഭാവിയിലുള്ള പ്രതീക്ഷയും ഇല്ലാതാക്കപ്പെടും.

ജർമ്മനിയിലെ സാമൂഹിക വൈരുദ്ധ്യങ്ങൾ ഇറ്റലിയിലേതിനേക്കാൾ വളരെ ആഴത്തിലുള്ളതും മൂർച്ഛിച്ചതുമാണ്. അതിനാൽ ജർമ്മൻ നാസിസം നടപ്പാക്കുന്ന ക്രൂരതയുമായി താരതമ്യം ചെയ്യുമ്പോൾ ഇറ്റാലിയൻ ഫാസിസത്തിന്റെ ഭീകരത പോലും താരതമ്യേന മൃദുവായ ഒരു പരീക്ഷണം പോലെയായിരിക്കും തോന്നുക.

ജർമ്മനി ഇപ്പോൾ ചരിത്രത്തിലെ നിർണായകമായ ഒരു ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. ജർമ്മൻ ജനതയുടെ ഭാവിയും യൂറോപ്പിന്റെ ഭാവിയും മാത്രമല്ല, ഒരു വലിയ അളവിൽ മുഴുവൻ മനുഷ്യരാശിയുടെ ഭാവിയും വരാനിരിക്കുന്ന പതിറ്റാണ്ടുകളിലേക്ക് നിർണയിക്കപ്പെടുക ഈ ഘട്ടത്തിലായിരിക്കും.
കമ്മ്യൂണിസ്റ്റ് തൊഴിലാളികളേ, നിങ്ങൾ ലക്ഷക്കണക്കിന് ആളുകളാണ്. നിങ്ങൾക്ക് എവിടേക്കും ഓടിപ്പോകാൻ കഴിയില്ല. എല്ലാവർക്കും രാജ്യം വിടാനുള്ള അവസരമോ വഴികളോ ഉണ്ടായിരിക്കില്ല.

ഫാസിസം അധികാരത്തിലെത്തിയാൽ അത് ഒരു ഭീകര ടാങ്ക് പോലെ നിങ്ങളുടെ ജീവിതങ്ങളെയും സംഘടനകളെയും ചവിട്ടിമെതിക്കും.
നിങ്ങളുടെ രക്ഷ നിർദയവും വിട്ടുവീഴ്ചയില്ലാത്തതുമായ പോരാട്ടത്തിലാണ്.

സോഷ്യൽ ഡെമോക്രാറ്റിക് തൊഴിലാളികളുമായി പോരാട്ട ഐക്യം സ്ഥാപിച്ചാൽ മാത്രമേ വിജയം നേടാൻ കഴിയൂ.

കമ്മ്യൂണിസ്റ്റ് തൊഴിലാളികളേ, വേഗം പ്രവർത്തിക്കുക. നിങ്ങളുടെ കൈവശം വളരെ കുറച്ച് സമയം മാത്രമേ ശേഷിക്കുന്നുള്ളൂ.എന്നാൽ ഇത് വെറും ശക്തമായ വാക്കുകളോ വികാരപരമായ മുന്നറിയിപ്പുകളോ മാത്രമായിരുന്നില്ല. ട്രോട്സ്കിയുടെ മുന്നറിയിപ്പുകളും അടിയന്തരതയും ഫാസിസത്തിന്റെയും നാസിസത്തിന്റെയും അടിസ്ഥാന സ്വഭാവത്തെക്കുറിച്ചുള്ള വ്യക്തവും ആഴത്തിലുള്ളതുമായ ഒരു വിശകലനത്തെ അടിസ്ഥാനമാക്കിയായിരുന്നു.

ട്രോട്സ്കിയുടെ വിശകലനത്തിലെ പ്രധാന ആശയം ഇതായിരുന്നു: ഫാസിസം പ്രധാനമായും ചെറുകിട മധ്യവർഗത്തിന്റെ (petty bourgeoisie) ഒരു പ്രസ്ഥാനമാണ്. മുതലാളിത്ത വ്യവസ്ഥയിലെ കടുത്ത പ്രതിസന്ധിയും, ആ പ്രതിസന്ധിക്ക് പരിഹാരം കണ്ടെത്തുന്നതിൽ തൊഴിലാളി പ്രസ്ഥാനം പരാജയപ്പെടുന്നതും ഈ വിഭാഗത്തെ നിരാശയിലേക്കും ആശയക്കുഴപ്പത്തിലേക്കും തള്ളിവിടുന്നു. ആ സാഹചര്യത്തിലാണ് ഫാസിസം വളരുന്നത്.

സാധാരണ സാഹചര്യങ്ങളിൽ, മുതലാളിവർഗം സമൂഹത്തെ നിയന്ത്രിക്കാൻ പോലീസ്, സൈന്യം, പാർലമെന്റ് തുടങ്ങിയ സംവിധാനങ്ങൾ ഉപയോഗിക്കുന്നു. എന്നാൽ ഈ സംവിധാനങ്ങൾ സമൂഹത്തെ സ്ഥിരതയോടെ നിലനിർത്താൻ മതിയാകാതെ വരുമ്പോൾ ഫാസിസത്തിന്റെ ഘട്ടം ആരംഭിക്കുന്നു.

അപ്പോൾ മുതലാളിത്തം ഫാസിസ്റ്റ് പ്രസ്ഥാനത്തെ ഉപയോഗിച്ച് നിരാശയും കോപവും നിറഞ്ഞ ചെറുകിട മധ്യവർഗ ജനവിഭാഗങ്ങളെ രംഗത്തിറക്കുന്നു. അതോടൊപ്പം, സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ടുപോയവരെയും ജീവിതത്തിൽ നിരാശരായവരെയും ഉപയോഗിക്കുന്നു. ധനമൂലധനം തന്നെയാണ് ഈ ജനവിഭാഗങ്ങളെ നിരാശയിലേക്കും അസ്വസ്ഥതയിലേക്കും തള്ളിവിട്ടത്.

ഫാസിസത്തിൽ നിന്ന് മുതലാളിവർഗം ആവശ്യപ്പെടുന്നത് ഒരു കാര്യം മാത്രമാണ്: എല്ലാ

എതിർപ്പുകളെയും പൂർണമായി തകർക്കുക. ഒരിക്കൽ ആഭ്യന്തര യുദ്ധസമാനമായ രീതികൾ സ്വീകരിച്ചാൽ, പിന്നീട് വർഷങ്ങളോളം തടസ്സങ്ങളില്ലാതെ ഭരിക്കാനാണ് അവർ ആഗ്രഹിക്കുന്നത്.

ഫാസിസ്റ്റ് പ്രസ്ഥാനം ചെറുകിട മധ്യവർഗത്തെ ഒരു ഇടിച്ചുകയറ്റ ശക്തിയായി ഉപയോഗിക്കുന്നു. വഴിയിലുള്ള എല്ലാ തടസ്സങ്ങളെയും തകർത്തുകൊണ്ട് അത് മുതലാളിവർഗത്തിനുവേണ്ടി ഈ ജോലി പൂർത്തിയാക്കുന്നു.

ഫാസിസം വിജയിച്ചുകഴിഞ്ഞാൽ ധനമൂലധനം ഭരണത്തിന്റെ എല്ലാ പ്രധാന സ്ഥാപനങ്ങളെയും നേരിട്ട് തന്റെ നിയന്ത്രണത്തിലാക്കുന്നു. ഭരണകൂടം, സർക്കാർ യന്ത്രം, വിദ്യാഭ്യാസ സംവിധാനം, സൈന്യം, തദ്ദേശ സ്ഥാപനങ്ങൾ, സർവകലാശാലകൾ, സ്കൂളുകൾ, മാധ്യമങ്ങൾ, ട്രേഡ് യൂണിയനുകൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങി മുഴുവൻ സംസ്ഥാന സംവിധാനവും അതിന്റെ നിയന്ത്രണത്തിലാകുന്നു.

ഒരു രാജ്യം ഫാസിസ്റ്റ് ഭരണത്തിലേക്ക് മാറുന്നു എന്നത് വെറും ഭരണരീതികളിലോ സർക്കാർ പ്രവർത്തനങ്ങളിലോ മാറ്റം വരുന്നു എന്നർത്ഥമല്ല. മുസ്സോളിനിയുടെ മാതൃകയിൽ ഭരണരൂപം മാറുന്നതു മാത്രം ഫാസിസത്തിന്റെ പ്രധാന കാര്യമല്ല.
ഫാസിസത്തിന്റെ യഥാർത്ഥ സാരം മറ്റൊന്നാണ്. അത് തൊഴിലാളിവർഗത്തിന്റെ എല്ലാ സംഘടനകളെയും നശിപ്പിക്കുന്നു. ട്രേഡ് യൂണിയനുകൾ, തൊഴിലാളി പാർട്ടികൾ, തൊഴിലാളികളുടെ സ്വതന്ത്ര സംഘടനകൾ എന്നിവയെല്ലാം തകർക്കുന്നു.

ട്രോട്സ്കിയുടെ അഭിപ്രായത്തിൽ, തൊഴിലാളി സംഘടനകളെ പൂർണമായി ഇല്ലാതാക്കുന്നതാണ് ഫാസിസത്തിന്റെ ഏറ്റവും പ്രധാന സവിശേഷതയും അതിന്റെ യഥാർത്ഥ ഉള്ളടക്കവും.
അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, ഫാസിസത്തെ മറ്റ് വലതുപക്ഷ ഏകാധിപത്യ ഭരണകൂടങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്ന പ്രധാന കാര്യം അതിന്റെ സാമൂഹിക അടിത്തറയായിരുന്നു. കോപവും നിരാശയും നിറഞ്ഞ ചെറുകിട മധ്യവർഗത്തെ അടിസ്ഥാനമാക്കിയുള്ള ഒരു ജനകീയ പ്രസ്ഥാനമായിരുന്നു ഫാസിസം.

ഇതുതന്നെയാണ് ഫാസിസത്തെ തൊഴിലാളി പ്രസ്ഥാനത്തിനും സോഷ്യലിസ്റ്റുകൾക്കും അതീവ അപകടകരമായ ശത്രുവാക്കിയത്.

ഇറ്റലിയിലും ജർമ്മനിയിലും ഫാസിസ്റ്റ് സംഘങ്ങൾക്ക് വലിയ ജനപിന്തുണയും

സംഘടിത ആക്രമണസംഘങ്ങളും ഉണ്ടായിരുന്നു. അതിനാൽ തൊഴിലാളി സംഘടനകളെ അവരുടെ അടിത്തറയിൽ തന്നെ ആക്രമിക്കാൻ അവർക്കു കഴിഞ്ഞു. നാട്ടിൻപുറങ്ങളിലും നഗരങ്ങളിലും തെരുവുകളിലും തൊഴിലിടങ്ങളിലുമെല്ലാം അവർ തൊഴിലാളി പ്രസ്ഥാനത്തിന്റെ സംഘടനകളെ തകർത്തു.

ഒരു സാധാരണ സൈനിക ഏകാധിപത്യ ഭരണകൂടത്തിന് ഇത്തരത്തിൽ സമൂഹത്തിന്റെ എല്ലാ തലങ്ങളിലേക്കും ഇറങ്ങി തൊഴിലാളി സംഘടനകളെ നശിപ്പിക്കാൻ എളുപ്പത്തിൽ കഴിയുമായിരുന്നില്ല. എന്നാൽ
ഫാസിസ്റ്റ് പ്രസ്ഥാനത്തിന്റെ ചെറുകിട മധ്യവർഗ അടിത്തറ തന്നെയാണ് അതിന്റെ ആശയങ്ങളെ മനസ്സിലാക്കുന്നതിനും പ്രധാനമെന്ന് ട്രോട്സ്കി വാദിച്ചു. അതിൽ കടുത്ത യഹൂദവിരോധവും (Anti-Semitism) ഉൾപ്പെടുന്നു.
ചെറുകിട മധ്യവർഗം സമൂഹത്തിൽ തൊഴിലാളിവർഗത്തിനും വലിയ മുതലാളിവർഗത്തിനുമിടയിലാണ് സ്ഥിതിചെയ്യുന്നത്. കടുത്ത മുതലാളിത്ത പ്രതിസന്ധിയുടെ കാലത്ത് അവർ ഇരുവശത്തുനിന്നും സമ്മർദം അനുഭവിച്ചു.

ഒരു ഭാഗത്ത് ബാങ്കുകളുടെയും ധനമൂലധനത്തിന്റെയും ശക്തി അവരെ സാമ്പത്തികമായി തകർത്തു. കടബാധ്യതയും പാപ്പരത്തവും വർധിച്ചു.
മറുവശത്ത് തൊഴിലാളിവർഗ്ഗം മെച്ചപ്പെട്ട വേതനത്തിനും നല്ല തൊഴിൽ സാഹചര്യങ്ങൾക്കും വേണ്ടി പോരാടുകയായിരുന്നു. ട്രേഡ് യൂണിയനുകളുടെ ആവശ്യങ്ങളും അവർക്കു സമ്മർദമായി തോന്നി.
ഈ സാഹചര്യത്തിൽ, തങ്ങളുടെ പ്രശ്നങ്ങൾക്ക് യഥാർത്ഥ കാരണങ്ങൾ കണ്ടെത്തുന്നതിനുപകരം, ഫാസിസം ഒരു ഗൂഢാലോചനാ കഥ പ്രചരിപ്പിച്ചു.
ബാങ്കുകളും ഇടതുപക്ഷ പ്രസ്ഥാനങ്ങളും ചേർന്ന് "ജർമ്മൻ രാഷ്ട്രത്തിനെതിരെ" പ്രവർത്തിക്കുകയാണെന്ന് അവർ പ്രചരിപ്പിച്ചു. ഇവിടെ "ജർമ്മൻ രാഷ്ട്രം" എന്ന് അവർ ഉദ്ദേശിച്ചത് പ്രധാനമായും തങ്ങളെത്തന്നെയായിരുന്നു.
ഈ ഗൂഢാലോചനയ്ക്ക് പിന്നിൽ യഹൂദരാണെന്നും ഫാസിസ്റ്റുകൾ അവകാശപ്പെട്ടുകയുണ്ടായി.
വലിയ ബാങ്കർമാരും റോത്ത്ഷൈൽഡ് പോലുള്ള ധനിക കുടുംബങ്ങളും യഹൂദരാണെന്ന് അവർ ചൂണ്ടിക്കാണിച്ചു അതുപോലെ മാർക്സ്, റോസാ ലക്സംബർഗ്, ട്രോട്സ്കി തുടങ്ങിയ പ്രമുഖ കമ്മ്യൂണിസ്റ്റ് നേതാക്കളും യഹൂദ പശ്ചാത്തലമുള്ളവരാണെന്ന് അവർ പറഞ്ഞു നടന്നു.
ഇതിന്റെ അടിസ്ഥാനത്തിൽ "യഹൂദ-ബോൾഷെവിക് ഗൂഢാലോചന" (Judeo-Bolshevik

Conspiracy) എന്ന ആശയം ഫാസിസ്റ്റുകൾ പ്രചരിപ്പിച്ചു. ജർമ്മനിയുടെ എല്ലാ പ്രശ്നങ്ങൾക്കും കാരണം യഹൂദരും കമ്മ്യൂണിസ്റ്റുകളും ചേർന്നുള്ള ഒരു ഗൂഢാലോചനയാണെന്നാണ് അവർ ജനങ്ങളെ വിശ്വസിപ്പിക്കാൻ ശ്രമിച്ചത്.

ട്രോട്സ്കിയുടെ അഭിപ്രായത്തിൽ, ഫാസിസത്തിന്റെ യഹൂദവിരോധവും ഗൂഢാലോചനാ സിദ്ധാന്തങ്ങളും ഈ ചെറുകിട മധ്യവർഗത്തിന്റെ നിരാശയുടെയും ആശയക്കുഴപ്പത്തിന്റെയും രാഷ്ട്രീയ പ്രകടനമായിരുന്നു.

സോഷ്യൽ ഡെമോക്രസി ഒരുകാലത്ത് തൊഴിലാളി വിപ്ലവത്തിൽ നിന്ന് മുതലാളിവർഗത്തെ രക്ഷിച്ചു. പിന്നീട് അതേ മുതലാളിവർഗത്തെ സോഷ്യൽ ഡെമോക്രസിയിൽ നിന്നുതന്നെ മോചിപ്പിക്കാൻ ഫാസിസം രംഗത്തെത്തി. ഈ പ്രതിവിപ്ലവപരമായ മാറ്റങ്ങളുടെ ശൃംഖലയിലെ അവസാന കണ്ണി മാത്രമാണ് ഹിറ്റ്ലറുടെ അധികാര പിടിച്ചെടുപ്പ്.

ചെറുകിട മധ്യവർഗം സാമൂഹിക വികസനത്തെയും മുന്നേറ്റത്തെയും എതിർക്കുന്നു. കാരണം വികസനം നടക്കുമ്പോൾ അതിന്റെ ദോഷഫലങ്ങൾ പലപ്പോഴും അവരുടെ മേലാണ് കൂടുതൽ പതിക്കുന്നത്. പുരോഗതി അവർക്കു നൽകിയത് തീർക്കാനാവാത്ത കടബാധ്യതകളാണെന്ന് അവർ കരുതുതി.

നാഷണൽ സോഷ്യലിസം (നാസിസം) മാർക്സിസത്തെ മാത്രമല്ല, ഡാർവിന്റെ പരിണാമ സിദ്ധാന്തത്തെയും തള്ളിക്കളയുന്നു. പ്രകൃതിക്കു മേൽ സാങ്കേതികവിദ്യ നേടിയ വിജയങ്ങൾ വലിയ മൂലധനത്തിന്റെ ചെറുകിട ഉടമകൾക്കുമേലുള്ള വിജയമായാണ് നാസികൾ കാണുന്നത്. അതുകൊണ്ടാണ് അവർ ഭൗതികവാദത്തെയും ശാസ്ത്രീയ ചിന്തയെയും ആക്രമിക്കുന്നത്.

നാസി പ്രസ്ഥാനത്തിന്റെ നേതാക്കൾ "ബുദ്ധിജീവിതത്തെയും" വിമർശിച്ചു. ട്രോട്സ്കിയുടെ അഭിപ്രായത്തിൽ, അതിന് ഒരു കാരണം അവരുടെ പരിമിതമായ ബൗദ്ധിക ശേഷിയായിരുന്നു. മറ്റൊരു കാരണം, അവരുടെ ചരിത്രപരമായ പങ്ക് ഒരു ആശയത്തെ അതിന്റെ യുക്തിപരമായ അന്ത്യം വരെ കൊണ്ടുപോകാൻ അവരെ അനുവദിച്ചിരുന്നില്ല എന്നതാണ്.

ചെറുകിട മധ്യവർഗം തങ്ങളെക്കാൾ ഉയർന്ന ഒരു ശക്തിയെ തേടുന്നു. ഭൗതിക ലോകത്തിനും ചരിത്രത്തിനും മുകളിലായി നിൽക്കുന്ന, മത്സരത്തിന്റെയും

പണപ്പെരുപ്പത്തിന്റെയും സാമ്പത്തിക പ്രതിസന്ധികളുടെയും സ്വാധീനത്തിൽപ്പെടാത്ത ഒരു അധികാരത്തെയാണ് അവർ ആഗ്രഹിക്കുന്നത്.

,പതിനെട്ടാം,പത്തൊൻപതാം,ഇരുപതാം

നൂറ്റാണ്ടുകളിലെ പരിണാമവാദത്തിനും ഭൗതികവാദ ചിന്തയ്ക്കും യുക്തിവാദത്തിനുമെതിരെ, അവർ ദേശീയ ആദർശവാദത്തെ (national idealism) ഉയർത്തിപ്പിടിക്കുന്നു. അതാണ് വീരത്വത്തിന്റെയും പ്രചോദനത്തിന്റെയും ഉറവിടമെന്ന് അവർ വിശ്വസിപ്പിച്ചു.

ഹിറ്റ്ലർ പ്രചരിപ്പിച്ച "രാജ്യം" എന്ന ആശയം യഥാർത്ഥ സമൂഹത്തെ പ്രതിനിധീകരിക്കുന്നതല്ല. അത് ചെറുകിട മധ്യവർഗത്തിന്റെ സ്വപ്നങ്ങളുടെയും ഭയങ്ങളുടെയും ഒരു പുരാണ നിഴലാണ്. ആയിരം വർഷം നിലനിൽക്കുന്ന സാമ്രാജ്യം എന്ന നാസി സ്വപ്നം, ട്രോട്സ്കിയുടെ കാഴ്ചപ്പാടിൽ, യാഥാർത്ഥ്യത്തിൽ നിന്ന് അകന്ന ഒരു ഭ്രമകൽപ്പന മാത്രമായിരുന്നു.

രാജ്യത്തെ ചരിത്രത്തിനും സാമൂഹിക മാറ്റങ്ങൾക്കും മുകളിലായി ഉയർത്തിക്കാട്ടുന്നതിനായി നാസിസം "വംശം" എന്ന ആശയത്തെ ഉപയോഗിച്ചു. രാജ്യത്തിന്റെ ശക്തിക്കും സ്വഭാവത്തിനും കാരണം അതിന്റെ വംശീയ ഗുണങ്ങളാണെന്ന് അവർ വാദിച്ചു.

ചരിത്രത്തെ സാമൂഹികവും സാമ്പത്തികവുമായ മാറ്റങ്ങളുടെ ഫലമായി കാണുന്നതിനുപകരം, ഒരു വംശത്തിന്റെ സ്വഭാവത്തിന്റെ പ്രകടനമായാണ് അവർ അവതരിപ്പിച്ചത്. വംശത്തിന്റെ ഗുണങ്ങളെ മാറിക്കൊണ്ടിരിക്കുന്ന സാമൂഹിക സാഹചര്യങ്ങളിൽ നിന്ന് വേർതിരിച്ചാണ് അവർ വ്യാഖ്യാനിച്ചത്.

സാമ്പത്തിക ഘടകങ്ങളെ അടിസ്ഥാനമാക്കിയുള്ള വിശദീകരണങ്ങളെ നാസിസം തള്ളിക്കളഞ്ഞു. എന്നാൽ അതിന് പകരം കൂടുതൽ താഴ്ന്ന ഒരു നിലയിലേക്ക് അവർ പോയി. സാമ്പത്തിക വിശദീകരണങ്ങൾക്ക് പകരം മനുഷ്യരെ വെറും ജൈവശാസ്ത്രപരമായ വംശീയ വിഭാഗങ്ങളായി കാണുന്ന ആശയങ്ങളെയാണ് അവർ ആശ്രയിച്ചത്.

ട്രോട്സ്കിയുടെ അഭിപ്രായത്തിൽ, ഫാസിസം സമൂഹത്തിന്റെ ആഴങ്ങളിൽ

ഒളിഞ്ഞുകിടന്നിരുന്ന പഴയ വിശ്വാസങ്ങളെയും അന്ധവിശ്വാസങ്ങളെയും രാഷ്ട്രീയത്തിലേക്ക് കൊണ്ടുവന്നു.
ഇരുപതാം നൂറ്റാണ്ടിലെ ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്ന ആളുകളുടെ ഇടയിലും നൂറ്റാണ്ടുകൾ പഴക്കമുള്ള ചിന്തകൾ ഇപ്പോഴും നിലനിന്നിരുന്നു. ഗ്രാമങ്ങളിലോ നഗരങ്ങളിലെ ഉയർന്ന കെട്ടിടങ്ങളിലോ ജീവിക്കുന്ന ആളുകൾ വൈദ്യുതി ഉപയോഗിച്ചിരുന്നെങ്കിലും, അതേ സമയം മന്ത്രവാദത്തിലും അടയാളങ്ങളുടെ മാന്ത്രിക ശക്തിയിലും ദുരാത്മാക്കളെ ഓടിക്കാനുള്ള ചടങ്ങുകളിലും വിശ്വസിച്ചിരുന്നു.
സമൂഹത്തിന്റെ സാധാരണ പുരോഗതിക്കൊപ്പം ക്രമേണ ഇല്ലാതാകേണ്ടിയിരുന്ന പിന്നോക്ക ആശയങ്ങളും അന്ധവിശ്വാസങ്ങളും സാംസ്കാരിക അവശിഷ്ടങ്ങളും വീണ്ടും ശക്തമായി പുറത്തുവന്നു.

ട്രോട്സ്കി ഇതിനെ വളരെ ശക്തമായ ഒരു ഉപമ ഉപയോഗിച്ച് വിശദീകരിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, മുതലാളിത്ത സമൂഹം ദഹിക്കാതെ കിടന്നിരുന്ന പഴയ ക്രൂരവും പിന്നോക്കവുമായ ആശയങ്ങളെ വീണ്ടും പുറത്തേക്ക് ഛർദ്ദിക്കുകയായിരുന്നു.

ട്രോട്സ്കിയുടെ കാഴ്ചപ്പാടിൽ, ഈ പ്രതിഭാസം തന്നെയാണ് നാഷണൽ സോഷ്യലിസത്തിന്റെ (നാസിസത്തിന്റെ) യഥാർത്ഥ സ്വഭാവം മനസ്സിലാക്കാനുള്ള ഒരു പ്രധാന താക്കോൽ.

ഹിറ്റ്ലറുടെ അധികാരത്തിലേക്കുള്ള ഉയർച്ച തടയുന്നതിനും പൊതുവിൽ ഫാസിസത്തെ പരാജയപ്പെടുത്തുന്നതിനും തൊഴിലാളി ഐക്യമുന്നണി (United Front) അനിവാര്യമാണെന്ന് ട്രോട്സ്കി വിശ്വസിച്ചിരുന്നു.

ഈ നിലപാട് മുന്നോട്ടുവയ്ക്കാൻ, സോഷ്യൽ ഡെമോക്രാറ്റുകൾ "സോഷ്യൽ ഫാസിസ്റ്റുകൾ" ആണെന്നോ സോഷ്യൽ ഡെമോക്രസിയും ഫാസിസവും ഒരേ നാണയത്തിന്റെ രണ്ട് വശങ്ങളാണെന്നോ പറയുന്ന സിദ്ധാന്തത്തെ അദ്ദേഹം വിശദമായി എതിർക്കുകയും ഖണ്ഡിക്കുകയും ചെയ്യേണ്ടിവന്നു.

ഇവിടെ ഒരു കാര്യം ഓർക്കേണ്ടതാണ്. അന്നത്തെ ജർമ്മൻ കമ്മ്യൂണിസ്റ്റ് തൊഴിലാളികളുടെ മനസ്സിൽ 1919–23 കാലഘട്ടത്തിലെ സംഭവങ്ങൾ ഇപ്പോഴും ശക്തമായി നിലനിന്നിരുന്നു. ജർമ്മൻ വിപ്ലവത്തെ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി

(SPD) വഞ്ചിച്ചുവെന്ന ധാരണയും, അതിന്റെ നേതാക്കൾ റോസാ ലക്സംബർഗിന്റെയും ലീബ്ക്നെക്റ്റിന്റെയും കൊലപാതകത്തിൽ പങ്കാളികളായിരുന്നുവെന്ന ഓർമ്മയും തൊഴിലാളികളിൽ ശക്തമായിരുന്നു.

എന്നിരുന്നാലും, ട്രോട്സ്കി സോഷ്യൽ ഡെമോക്രസിയെക്കുറിച്ചുള്ള തന്റെ വിമർശനം ഉപേക്ഷിച്ചില്ല. അതിനെ മൃദുവാക്കാനും അദ്ദേഹം ശ്രമിച്ചില്ല.

പകരം, സോഷ്യൽ ഡെമോക്രസിയും ഫാസിസവും തമ്മിലുള്ള അടിസ്ഥാന വ്യത്യാസങ്ങൾ എന്താണെന്ന് അദ്ദേഹം വിശദീകരിച്ചു. ഇവയുടെ രാഷ്ട്രീയ പങ്കും സാമൂഹിക അടിത്തറയും ഒരുപോലെയല്ലെന്ന് അദ്ദേഹം വാദിച്ചു.

ഫാസിസത്തിന്റെ സാമൂഹിക അടിത്തറ പ്രധാനമായും നിരാശയും കോപവും നിറഞ്ഞ ചെറുകിട മധ്യവർഗമായിരുന്നു. എന്നാൽ സോഷ്യൽ ഡെമോക്രസിയുടെ അടിത്തറ വലിയ തോതിൽ തൊഴിലാളിവർഗത്തിനുള്ളിലായിരുന്നു.

അതിനാൽ ഇവ രണ്ടിനെയും ഒരുപോലെ കാണുന്നത് ഗുരുതരമായ തെറ്റാണെന്ന് ട്രോട്സ്കി ചൂണ്ടിക്കാട്ടി.

ഫാസിസം വിജയിച്ചാൽ അത് കമ്മ്യൂണിസ്റ്റ് സംഘടനകളെ മാത്രം നശിപ്പിക്കുകയല്ല. സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടികളെയും ട്രേഡ് യൂണിയനുകളെയും ഉൾപ്പെടെ എല്ലാ സ്വതന്ത്ര തൊഴിലാളി സംഘടനകളെയും തകർക്കും.

അതുകൊണ്ട് സോഷ്യൽ ഡെമോക്രാറ്റിക് തൊഴിലാളികളെയും കമ്മ്യൂണിസ്റ്റ് തൊഴിലാളികളെയും ഒരുമിപ്പിച്ച് ഫാസിസത്തിനെതിരെ ഒരു പൊതുപോരാട്ടം സംഘടിപ്പിക്കേണ്ടത് അത്യാവശ്യമാണെന്ന് ട്രോട്സ്കി വാദിച്ചു.

അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ, സോഷ്യൽ ഡെമോക്രസിയെ വിമർശിക്കുന്നത് ഒരു കാര്യമാണെങ്കിൽ, അതിനെ ഫാസിസവുമായി ഒരുപോലെ കാണുന്നത് മറ്റൊരു കാര്യമാണ്. ആ രണ്ട് കാര്യങ്ങളും ഒരുപോലെയല്ല. ഈ വ്യത്യാസം മനസ്സിലാക്കുന്നതാണ് ഫാസിസത്തിനെതിരായ വിജയകരമായ പോരാട്ടത്തിന്റെ അടിസ്ഥാനം.

ഫാസിസത്തിന്റെ ലക്ഷ്യം കമ്മ്യൂണിസ്റ്റ് മുന്നണിപ്പോരാളികളെ മാത്രം തകർക്കുക എന്നതല്ല. തൊഴിലാളിവർഗത്തെ മുഴുവൻ നിർബന്ധിതമായ ഭിന്നിപ്പിന്റെയും വിഭജനത്തിന്റെയും അവസ്ഥയിൽ നിലനിർത്തുക എന്നതും അതിന്റെ പ്രധാന

ലക്ഷ്യമാണ്.
അതിന് ഏറ്റവും പോരാട്ടവീര്യമുള്ള തൊഴിലാളികളെ ശാരീരികമായി ഇല്ലാതാക്കുന്നത് മാത്രം മതിയാകില്ല. തൊഴിലാളികളുടെ എല്ലാ സ്വതന്ത്ര സംഘടനകളെയും തകർക്കേണ്ടതുണ്ട്. തൊഴിലാളിവർഗം സ്വയം പ്രതിരോധിക്കാൻ നിർമ്മിച്ച എല്ലാ കോട്ടകളും നശിപ്പിക്കണം.
സോഷ്യൽ ഡെമോക്രസിയും ട്രേഡ് യൂണിയനുകളും ഏകദേശം എഴുപത്തിയഞ്ച് വർഷത്തെ പോരാട്ടങ്ങളിലൂടെ നേടിയെടുത്ത എല്ലാ നേട്ടങ്ങളും പിഴുതെറിയണം. കാരണം, അവസാനം കമ്മ്യൂണിസ്റ്റ് പാർട്ടിയും ഈ നേട്ടങ്ങളുടെയും സംഘടനകളുടെയും അടിസ്ഥാനത്തിലാണ് നിലകൊള്ളുന്നത്.

ട്രോട്സ്കിയുടെ അഭിപ്രായത്തിൽ, ഫാസിസത്തിന്റെ വിജയത്തിനാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിൽ സോഷ്യൽ ഡെമോക്രസിക്ക് വലിയ ഉത്തരവാദിത്തമുണ്ടായിരുന്നു. ബ്രൂണിങ്ങിന്റെ അടിയന്തര നിയമങ്ങൾക്കും ഫാസിസ്റ്റ് ക്രൂരതയുടെ വളർച്ചയ്ക്കും സോഷ്യൽ ഡെമോക്രാറ്റിക് നേതാക്കളെ ഉത്തരവാദികളാക്കുന്നത് ശരിയാണ്.

എന്നാൽ സോഷ്യൽ ഡെമോക്രസിയും ഫാസിസവും ഒരുപോലെയാണെന്ന് പറയുന്നത് പൂർണമായും തെറ്റാണ്.

സോഷ്യൽ ഡെമോക്രസി അന്നത്തെ പാർലമെന്ററി ബൂർഷ്വാ ഭരണക്രമത്തിന്റെ പ്രധാന പ്രതിനിധിയായിരുന്നു. പക്ഷേ അതിന്റെ പിന്തുണ പ്രധാനമായും തൊഴിലാളികളിൽ നിന്നാണ് വന്നത്.
ഫാസിസത്തിന്റെ പിന്തുണയാകട്ടെ പ്രധാനമായും ചെറുകിട മധ്യവർഗത്തിൽ നിന്നായിരുന്നു.

തൊഴിലാളികളുടെ ബഹുജന സംഘടനകൾ ഇല്ലാതെ സോഷ്യൽ ഡെമോക്രസിക്ക് സ്വാധീനം നിലനിർത്താൻ കഴിയില്ല. എന്നാൽ ഫാസിസത്തിന് അധികാരത്തിൽ ഉറച്ചുനിൽക്കാൻ തൊഴിലാളി സംഘടനകളെ പൂർണമായി നശിപ്പിക്കേണ്ടതുണ്ട്.

സോഷ്യൽ ഡെമോക്രസിയുടെ പ്രധാന പ്രവർത്തന വേദി പാർലമെന്റാണ്. എന്നാൽ ഫാസിസം പാർലമെന്ററി സംവിധാനത്തെ തന്നെ തകർക്കുന്നതിനെ അടിസ്ഥാനമാക്കിയുള്ളതാണ്.
വലിയ കുത്തക മുതലാളിവർഗത്തിന്റെ കാഴ്ചപ്പാടിൽ പാർലമെന്ററി ഭരണവും

ഫാസിസ്റ്റ് ഭരണവും അധികാരം നിലനിർത്താനുള്ള വ്യത്യസ്ത മാർഗങ്ങൾ മാത്രമാണ്. ചരിത്രസാഹചര്യങ്ങൾ അനുസരിച്ച് അവർ ഇവയിൽ ഏതെങ്കിലും ഒന്ന് തിരഞ്ഞെടുക്കും.
എന്നാൽ സോഷ്യൽ ഡെമോക്രസിക്കും ഫാസിസത്തിനും ഇത് വെറും ഭരണരീതിയിലെ വ്യത്യാസമല്ല. അത് അവരുടെ നിലനിൽപ്പുമായി ബന്ധപ്പെട്ട കാര്യമാണ്.

സോഷ്യൽ ഡെമോക്രസിക്ക് പാർലമെന്ററി സംവിധാനം നിലനിൽക്കണം. ഫാസിസത്തിന് പാർലമെന്ററി സംവിധാനം നശിപ്പിക്കണം.
അതുകൊണ്ട് ഇവ രണ്ടിനും ഇടയിലെ സംഘർഷം ഒരു സാധാരണ രാഷ്ട്രീയ തർക്കമല്ല. അത് ഓരോരുത്തരുടെയും രാഷ്ട്രീയ ജീവിതവും മരണവും സംബന്ധിച്ച പ്രശ്നമാണ്.

ഈ കാരണത്താലാണ് സോഷ്യൽ ഡെമോക്രസിയെ ഫാസിസവുമായി ഒരുപോലെ കാണുന്നത് ഗുരുതരമായ രാഷ്ട്രീയ തെറ്റാണെന്ന് ട്രോട്സ്കി വാദിച്ചത്.ജർമ്മൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും (KPD) സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയും (SPD) ചേർന്ന് ഫാസിസത്തിനെതിരെ ഒരു തൊഴിലാളി ഐക്യമുന്നണി രൂപീകരിക്കണമെന്ന് ട്രോട്സ്കി ശക്തമായി ആവശ്യപ്പെട്ടു. എന്നാൽ ഇരു പാർട്ടികളും ഈ നിർദ്ദേശം അവഗണിച്ചു.
ഇതിന്റെ ഫലമായി ട്രോട്സ്കി മുൻകൂട്ടി മുന്നറിയിപ്പ് നൽകിയിരുന്ന ദുരന്തം സംഭവിച്ചു. 1933 ജനുവരിയിൽ ഹിറ്റ്ലർ കാര്യമായ പ്രതിരോധമൊന്നുമില്ലാതെ അധികാരത്തിലെത്തി.
ട്രോട്സ്കിയുടെ വിശകലനം ശരിയാണെന്ന് ഇത് തെളിയിച്ചെങ്കിലും, അതോടെ സംഭവങ്ങൾ അവസാനിച്ചില്ല.

നാസികൾ ബെർലിനിൽ അധികാരത്തിലെത്തിയത് സോവിയറ്റ് യൂണിയന് നേരിട്ടുള്ള സൈനിക ഭീഷണിയാണെന്ന് സ്റ്റാലിൻ ഉടൻ തിരിച്ചറിഞ്ഞു. ഹിറ്റ്ലറും ജർമ്മൻ സാമ്രാജ്യത്വവും കിഴക്കൻ യൂറോപ്പിൽ ജർമ്മനിക്കായി കൂടുതൽ ഭൂവിഭാഗങ്ങൾ പിടിച്ചെടുക്കാൻ ആഗ്രഹിച്ചിരുന്നു.
ഈ ഭീഷണിയെ നേരിടാൻ സ്റ്റാലിൻ ബ്രിട്ടനും ഫ്രാൻസുമായി സഖ്യമുണ്ടാക്കാൻ ശ്രമിച്ചു. അതായത് ബ്രിട്ടീഷ്, ഫ്രഞ്ച് സാമ്രാജ്യത്വ ശക്തികളുമായി സഹകരിക്കുന്ന ഒരു നയമാണ് അദ്ദേഹം സ്വീകരിച്ചത്.
ഇതിനനുസരിച്ച് കമ്മ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ (കോമിന്റേൺ) നയത്തിലും വലിയ മാറ്റം വരുത്തി.

1934-ൽ, ഹിറ്റ്ലർ അധികാരത്തിലെത്തിയതിന് ഏകദേശം ഒരു വർഷത്തിന് ശേഷം,

കോമിന്റേൺ തന്റെ പഴയ നയത്തിൽ നിന്ന് പൂർണമായും തിരിഞ്ഞു. "മൂന്നാം ഘട്ട" (Third Period) നയത്തിന്റെ അതിതീവ്ര ഇടതുപക്ഷ നിലപാടുകൾ ഉപേക്ഷിച്ച് "പോപ്പുലർ ഫ്രണ്ട്" (Popular Front) എന്ന പുതിയ നയം സ്വീകരിച്ചു.
ഈ നയം ആദ്യം നടപ്പാക്കിയത് ഫ്രഞ്ച് കമ്മ്യൂണിസ്റ്റ് പാർട്ടിയായിരുന്നു. അവർ സോഷ്യലിസ്റ്റ് പാർട്ടിയുമായും റാഡിക്കൽ പാർട്ടിയുമായും ചേർന്ന് ഫാസിസത്തിനെതിരായ ഒരു സഖ്യം രൂപീകരിച്ചു. റാഡിക്കൽ പാർട്ടി ഒരു ബൂർഷ്വാ പാർട്ടിയായിരുന്നു. അതിന്റെ പ്രധാന നേതാവ് എഡ്വാർഡ് ഡലാദിയെർ പലതവണ ഫ്രാൻസിന്റെ പ്രധാനമന്ത്രിയുമായിരുന്നു.
1935-ൽ നടന്ന കോമിന്റേണിന്റെ ഏഴാം കോൺഗ്രസിൽ ഈ നയം അന്തർദേശീയ തന്ത്രമായി അംഗീകരിക്കപ്പെട്ടു.

പോപ്പുലർ ഫ്രണ്ടിന്റെ അടിസ്ഥാന ആശയം, ഫാസിസത്തിനെതിരെ എല്ലാ "ജനാധിപത്യ" ശക്തികളെയും ഒന്നിപ്പിക്കുക എന്നതായിരുന്നു. ഇതിൽ ബൂർഷ്വാ പാർട്ടികളും ഉൾപ്പെട്ടിരുന്നു.
ട്രോട്സ്കി ഈ നയത്തെയും ശക്തമായി വിമർശിച്ചു. മുമ്പത്തെ അതിതീവ്ര ഇടതുപക്ഷ നയത്തെ എതിർത്തതുപോലെ തന്നെയാണ് അദ്ദേഹം പോപ്പുലർ ഫ്രണ്ടിനെയും എതിർത്തത്.

ഫ്രാൻസിൽ 1936-ൽ ലിയോൺ ബ്ലൂമിന്റെ നേതൃത്വത്തിൽ പോപ്പുലർ ഫ്രണ്ട് സർക്കാർ രൂപീകരിക്കപ്പെട്ടപ്പോഴും, സ്പെയിനിൽ അതേ വർഷം പോപ്പുലർ ഫ്രണ്ട് സർക്കാർ തിരഞ്ഞെടുക്കപ്പെട്ടപ്പോഴും ട്രോട്സ്കി തന്റെ വിമർശനം കൂടുതൽ വിശദമായി അവതരിപ്പിച്ചു.

സ്പെയിനിൽ പോപ്പുലർ ഫ്രണ്ട് സർക്കാർ അധികാരത്തിലെത്തിയതിനു പിന്നാലെ ഫ്രാങ്കോ ഫാസിസ്റ്റ് അട്ടിമറിക്ക് ശ്രമിച്ചു. ഇതിനെതിരെ സ്പാനിഷ് തൊഴിലാളിവർഗം, പ്രത്യേകിച്ച് ബാഴ്സലോണയിലെ തൊഴിലാളികൾ, ശക്തമായ പ്രതിരോധം സംഘടിപ്പിച്ചു. തുടർന്ന് മൂന്ന് വർഷം നീണ്ടുനിന്ന ആഭ്യന്തര യുദ്ധം പൊട്ടിപ്പുറപ്പെട്ടു.

ട്രോട്സ്കിയുടെ അഭിപ്രായത്തിൽ പോപ്പുലർ ഫ്രണ്ട് എന്നത് "ബൂർഷ്വാസിയുമായുള്ള സഖ്യത്തിനുവേണ്ടി തൊഴിലാളിവർഗത്തെ വഞ്ചിക്കുന്ന നയം" ആയിരുന്നു.
ഈ നയം ഫ്രാൻസിലെയും സ്പെയിനിലെയും വിപ്ലവ സാധ്യതകളെ ദുർബലമാക്കി. മാത്രമല്ല, ഫാസിസത്തെ നേരിടാനുള്ള ഫലപ്രദമായ മാർഗവുമല്ലായിരുന്നു.

ട്രോട്സ്കിയുടെ നിരീക്ഷണമനുസരിച്ച്, ഫാസിസത്തെ പരാജയപ്പെടുത്താൻ തൊഴിലാളിവർഗത്തിന്റെ സ്വതന്ത്രവും ഐക്യപ്പെട്ടതുമായ വൻ പ്രക്ഷോഭം ആവശ്യമായിരുന്നു. എന്നാൽ ബൂർഷ്വാ പാർട്ടികളുമായുള്ള സഖ്യം അത്തരം തൊഴിലാളി സമരങ്ങളെ തടസ്സപ്പെടുത്തുകയും ദുർബലപ്പെടുത്തുകയും ചെയ്യും.
കാരണം ബൂർഷ്വാ രാഷ്ട്രീയ ശക്തികൾ സ്വഭാവത്തിൽ തന്നെ തൊഴിലാളിവർഗത്തിന്റെ സ്വതന്ത്ര പ്രവർത്തനങ്ങളെയും വിപ്ലവകരമായ മുന്നേറ്റങ്ങളെയും എതിർക്കുന്നവരാണ്. അതിനാൽ ഫാസിസത്തെ പരാജയപ്പെടുത്താനുള്ള യഥാർത്ഥ വഴി തൊഴിലാളിവർഗത്തിന്റെ ഐക്യമുന്നണിയാണെന്നും, ബൂർഷ്വാ പാർട്ടികളുമായുള്ള പോപ്പുലർ ഫ്രണ്ട് സഖ്യമല്ലെന്നും ട്രോട്സ്കി വാദിച്ചു.

പോപ്പുലർ ഫ്രണ്ടിന്റെ സൈദ്ധാന്തിക വക്താക്കൾ അടിസ്ഥാനത്തിൽ കൂട്ടിച്ചേർക്കൽ കണക്കിനപ്പുറം പോകുന്നില്ലെന്ന് ട്രോട്സ്കി വിമർശിച്ചു.
അവരുടെ ചിന്ത ഇങ്ങനെയായിരുന്നു: "കമ്മ്യൂണിസ്റ്റുകാർ + സോഷ്യലിസ്റ്റുകാർ + അരാജകവാദികൾ + ലിബറലുകൾ = കൂടുതൽ വലിയ ശക്തി". അതായത്, കൂടുതൽ സംഘടനകളെ ഒന്നിച്ചുകൂട്ടിയാൽ കൂടുതൽ ശക്തിയുണ്ടാകുമെന്നാണ് അവരുടെ വാദം. എന്നാൽ രാഷ്ട്രീയത്തിൽ വെറും കൂട്ടിച്ചേർക്കൽ കണക്ക് മാത്രം മതിയാകില്ലെന്ന് ട്രോട്സ്കി പറഞ്ഞു. രാഷ്ട്രീയ ശക്തികൾ എങ്ങോട്ടാണ് നീങ്ങുന്നത്, അവരുടെ ലക്ഷ്യങ്ങൾ എന്താണ് എന്നതും പരിഗണിക്കണം.

ഭൗതികശാസ്ത്രത്തിൽ വ്യത്യസ്ത ദിശകളിൽ പ്രവർത്തിക്കുന്ന ശക്തികൾ പരസ്പരം ദുർബലമാക്കുന്നതുപോലെ രാഷ്ട്രീയത്തിലും അത് സംഭവിക്കും. സഖ്യകക്ഷികൾ പരസ്പരം എതിർദിശകളിലേക്ക് വലിക്കുകയാണെങ്കിൽ, അവരുടെ സംയുക്ത ശക്തി വളരെ കുറയുകയോ പൂർണമായും ഇല്ലാതാകുകയോ ചെയ്യും.

തൊഴിലാളിവർഗത്തിലെ വ്യത്യസ്ത രാഷ്ട്രീയ സംഘടനകൾ തമ്മിലുള്ള ഐക്യമുന്നണി ചില സാഹചര്യങ്ങളിൽ വളരെ ആവശ്യമാണ്. കമ്മ്യൂണിസ്റ്റുകാർ, സോഷ്യലിസ്റ്റുകാർ, മറ്റ് തൊഴിലാളി സംഘടനകൾ എന്നിവർ പൊതുവായ ലക്ഷ്യങ്ങൾക്കായി ഒരുമിച്ച് പ്രവർത്തിക്കുമ്പോൾ അത് വലിയ ശക്തിയായി മാറാം.

ചില ചരിത്ര സാഹചര്യങ്ങളിൽ അത്തരം ഒരു തൊഴിലാളി ഐക്യമുന്നണിക്ക് ചെറുകിട മധ്യവർഗത്തിലെ പീഡിത വിഭാഗങ്ങളെയും ആകർഷിക്കാൻ കഴിയും. കാരണം അവരുടെ ചില താൽപര്യങ്ങൾ തൊഴിലാളിവർഗത്തിന്റെ താൽപര്യങ്ങളുമായി അടുത്ത

ബന്ധമുള്ളവയാണ്.

അങ്ങനെയുള്ള ഒരു തൊഴിലാളി ഐക്യമുന്നണിയുടെ ശക്തി അതിൽ പങ്കാളികളായ ഓരോ സംഘടനയുടെയും ശക്തികളുടെ വെറും തുകയെക്കാൾ കൂടുതലാകാം.
എന്നാൽ തൊഴിലാളിവർഗവും ബൂർഷ്വാസിയും തമ്മിലുള്ള രാഷ്ട്രീയ സഖ്യം മറ്റൊരു കാര്യമാണ്. ഇന്നത്തെ സമൂഹത്തിൽ ഇവരുടെ അടിസ്ഥാന താൽപര്യങ്ങൾ പരസ്പരം വിരുദ്ധമാണ്. പല പ്രധാന വിഷയങ്ങളിലും അവ തമ്മിൽ 180 ഡിഗ്രി വ്യത്യാസമുള്ള ദിശകളിലാണ്.
അതിനാൽ തൊഴിലാളിവർഗവും ബൂർഷ്വാസിയും ചേർന്നുള്ള രാഷ്ട്രീയ സഖ്യം സാധാരണയായി തൊഴിലാളിവർഗത്തിന്റെ സ്വതന്ത്ര പോരാട്ടശേഷിയെ ദുർബലപ്പെടുത്തുകയും തളർത്തുകയും ചെയ്യും.

ആഭ്യന്തര യുദ്ധം പോലുള്ള സാഹചര്യങ്ങളിൽ ഇത് കൂടുതൽ സത്യമാണ്. അത്തരം പോരാട്ടങ്ങളിൽ വെറും ബലപ്രയോഗം മാത്രം മതിയാകില്ല. പോരാടുന്ന ജനങ്ങൾക്ക് വലിയ ആത്മത്യാഗ മനോഭാവവും സ്വന്തം ലക്ഷ്യങ്ങളിലുള്ള വിശ്വാസവും ആവശ്യമാണ്.

തൊഴിലാളികളും കർഷകരും സ്വന്തം വിമോചനത്തിനായി പോരാടുമ്പോഴാണ് അവർക്ക് വിജയിക്കാൻ കഴിയുക. അവർ തങ്ങളുടെ ഭാവിക്കുവേണ്ടിയും സ്വന്തം അധികാരത്തിനുവേണ്ടിയും പോരാടുന്നുവെന്ന് വിശ്വസിക്കണം.
ഇത്തരം സാഹചര്യത്തിൽ തൊഴിലാളിവർഗത്തെ ബൂർഷ്വാസിയുടെ നേതൃത്വത്തിന് കീഴ്പ്പെടുത്തുന്നത് വലിയ തെറ്റാണെന്ന് ട്രോട്സ്കി ചൂണ്ടിക്കാട്ടി.
അങ്ങനെ ചെയ്താൽ ആഭ്യന്തര യുദ്ധത്തിലോ ഫാസിസത്തിനെതിരായ പോരാട്ടത്തിലോ പരാജയം മുൻകൂട്ടി ഉറപ്പാക്കുന്നതിന് തുല്യമാണെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി.
വീണ്ടും ചരിത്ര സംഭവങ്ങൾ, പ്രത്യേകിച്ച് സ്പെയിനിലെ ദുരന്തകരമായ അനുഭവങ്ങൾ, ട്രോട്സ്കിയുടെ വിശകലനവും മുന്നറിയിപ്പുകളും ശരിയാണെന്ന് തെളിയിച്ചു.

1945-ന് ശേഷം, ഭാഗ്യവശാൽ, രണ്ട് ലോകമഹായുദ്ധങ്ങൾക്കിടയിലെ കാലഘട്ടത്തിൽ ഉണ്ടായതുപോലുള്ള ഫാസിസ്റ്റ് ഭരണങ്ങളുടെ അനുഭവം ലോകം വീണ്ടും നേരിട്ടിട്ടില്ല. അതുപോലെ ഫാസിസത്തെക്കുറിച്ച് ട്രോട്സ്കിയുടെ വിശകലനത്തിന് തുല്യമായ പ്രാധാന്യമുള്ള മറ്റൊരു സൈദ്ധാന്തിക സംഭാവനയും ഉണ്ടായിട്ടില്ല.

ഹോളോകോസ്റ്റിന്റെ സ്വഭാവത്തെയും അതിന്റെ കാരണങ്ങളെയും കുറിച്ച് പിന്നീട്

വലിയ ചർച്ചകൾ നടന്നിട്ടുണ്ട്. നിരവധി മാർക്സിസ്റ്റ് ചിന്തകരും, ഇന്റർനാഷണൽ സോഷ്യലിസ്റ്റ് പാരമ്പര്യത്തിൽപ്പെട്ടവരും ഉൾപ്പെടെ, ഈ ചർച്ചകളിൽ പങ്കെടുത്തിട്ടുണ്ട്.
എന്നാൽ ഹോളോകോസ്റ്റിനെക്കുറിച്ചുള്ള ആ ചർച്ചകൾ ഈ ലേഖനത്തിന്റെ വിഷയപരിധിക്ക് പുറത്തുള്ളവയാണെന്ന് ലേഖകൻ വ്യക്തമാക്കുന്നു.

അതുപോലെ ട്രോട്സ്കിയുടെ സമീപനത്തെ പ്രതിരോധിക്കുകയോ, പ്രായോഗികമായി ഉപയോഗിക്കുകയോ, കൂടുതൽ വികസിപ്പിക്കുകയോ ചെയ്യുന്ന നിരവധി പഠനങ്ങളും പിന്നീട് പ്രസിദ്ധീകരിക്കപ്പെട്ടു.
എന്നാൽ ആ മുഴുവൻ സാഹിത്യത്തെയും ഇവിടെ വിശദമായി പരിശോധിക്കാൻ ലേഖകൻ ഉദ്ദേശിക്കുന്നില്ല.
എന്നിരുന്നാലും, 1930-കളിലെ ഫാസിസത്തിനെതിരായ പോരാട്ടത്തിനു ശേഷം ലോകത്ത് രണ്ട് പ്രധാന മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. ഫാസിസത്തിനെതിരായ ഇന്നത്തെ പോരാട്ടത്തിന്റെ തന്ത്രത്തെ ബാധിക്കുന്ന മാറ്റങ്ങളാണ് അവ.

അടുത്തതായി ആ രണ്ട് പ്രധാന മാറ്റങ്ങളെക്കുറിച്ച് ചൂണ്ടിക്കാണിക്കാനാണ് ലേഖകൻ ശ്രമിക്കുന്നത്..

## ഇന്നത്തെ ഐക്യമുന്നണി (United Front)

ആദ്യത്തെ പ്രധാന മാറ്റം ഐക്യമുന്നണി എന്ന ആശയവുമായി ബന്ധപ്പെട്ടതാണ്.
1930-കളിൽ ട്രോട്സ്കി മുന്നോട്ടുവച്ച ഐക്യമുന്നണിയും, അതിന് മുമ്പ് 1922-ൽ കമ്മ്യൂണിസ്റ്റ് ഇന്റർനാഷണൽ (കോമിന്റേൺ) പിന്തുണച്ച ഐക്യമുന്നണിയും പ്രധാനമായും അന്താരാഷ്ട്ര തൊഴിലാളി പ്രസ്ഥാനത്തിലെ രണ്ട് വലിയ രാഷ്ട്രീയ ശക്തികൾ തമ്മിലുള്ള ഒരു പൊതുസഖ്യമായിരുന്നു. അവ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടികളും കമ്മ്യൂണിസ്റ്റ് പാർട്ടികളുമായിരുന്നു.

ട്രോട്സ്കിയുടെ വാദം ഇങ്ങനെയായിരുന്നു: കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ നേതൃത്വം സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടികളുടെ നേതൃത്വത്തെ സമീപിക്കണം. ഫാസിസത്തിനെതിരായ പ്രായോഗികവും വ്യക്തവുമായ ഒരു സംയുക്ത പോരാട്ട കരാറിലെത്താൻ ശ്രമിക്കണം.
അത്തരമൊരു സഖ്യം രൂപപ്പെട്ടിരുന്നെങ്കിൽ ലക്ഷക്കണക്കിന് തൊഴിലാളികളെ

അതിന്റെ പിന്നിൽ അണിനിരത്താൻ കഴിയുമായിരുന്നുവെന്ന് ട്രോട്സ്കി വിശ്വസിച്ചു. ആ വിശ്വാസത്തിന് ശക്തമായ അടിസ്ഥാനവുമുണ്ടായിരുന്നു.
എന്നാൽ ഇന്ന് അയർലണ്ടിലോ ലോകത്തിലെ മിക്ക രാജ്യങ്ങളിലോ അത്തരമൊരു തൊഴിലാളി ഐക്യമുന്നണി അതേ രൂപത്തിൽ സൃഷ്ടിക്കാൻ കഴിയുന്ന സാഹചര്യമില്ല.

അതിന് പ്രധാനമായും രണ്ട് കാരണങ്ങളുണ്ട്.

ഒന്നാമതായി, സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടികൾക്കും ലേബർ പാർട്ടികൾക്കും 1920-കളിലും 1930-കളിലും ഉണ്ടായിരുന്ന സാമൂഹിക ശക്തി ഇന്ന് ഇല്ല. സംഘടിത തൊഴിലാളിവർഗത്തിനുള്ളിലെ അവരുടെ സ്വാധീനവും സംഘടനാ ശക്തിയും വളരെ കുറഞ്ഞിട്ടുണ്ട്.
ഉദാഹരണത്തിന്, ജർമ്മൻ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയായ SPD-യ്ക്ക് ഒരുകാലത്ത് തെരുവ് പോരാട്ടങ്ങളിൽ പങ്കെടുക്കാൻ കഴിയുന്ന സംഘടിത പ്രതിരോധ സംഘങ്ങൾ പോലും ഉണ്ടായിരുന്നു. ഇന്ന് അത്തരമൊരു സാഹചര്യമില്ല.

രണ്ടാമതായി, കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ അവസ്ഥയും വലിയ മാറ്റത്തിന് വിധേയമായിട്ടുണ്ട്. പല രാജ്യങ്ങളിലും അവ വളരെ ചെറുതായിക്കഴിഞ്ഞു, അല്ലെങ്കിൽ രാഷ്ട്രീയമായി വലിയ സ്വാധീനമില്ലാത്ത നിലയിലായി.
ഈ സാഹചര്യത്തിൽ, പഴയ മാതൃകയിലുള്ള തൊഴിലാളി ഐക്യമുന്നണി നേരിട്ട് പുനഃസൃഷ്ടിക്കുക പ്രായോഗികമല്ല.
അതിനാൽ ഫാസിസത്തിനെതിരായ ആവശ്യമായ ഐക്യമുന്നണി നിർമ്മിക്കാൻ പുതിയ വഴികളും പുതിയ സംഘടനാ രൂപങ്ങളും കണ്ടെത്തേണ്ട സാഹചര്യം ഇന്ന് ഉണ്ടായിരിക്കുകയാണ്.
ഇക്കാര്യത്തിൽ ഒരു നല്ല മാതൃകയായി ചൂണ്ടിക്കാണിക്കപ്പെടുന്നത് 1977-ൽ ബ്രിട്ടനിൽ രൂപീകരിക്കപ്പെട്ട ആന്റി-നാസി ലീഗ് (ANL) ആണ്. നവ-നാസി സംഘടനയായ നാഷണൽ ഫ്രണ്ട് (NF) വളർന്നുവരുന്നതിനെ നേരിടാനാണ് ഈ സംഘടന രൂപീകരിച്ചത്.
ബ്രിട്ടീഷ് സോഷ്യലിസ്റ്റ് വർക്കേഴ്സ് പാർട്ടി (SWP) യാണ് ഈ മുന്നണിക്ക് തുടക്കമിട്ടത്. എന്നാൽ അത് ലേബർ പാർട്ടിയുമായി മുഴുവനായി സഖ്യമുണ്ടാക്കിയില്ല. പകരം ചില ഇടതുപക്ഷ ലേബർ എംപിമാരുമായും, ചില ട്രേഡ് യൂണിയൻ നേതാക്കളുമായും, പുരോഗമനപരമായ സാമൂഹിക വ്യക്തികളുമായും സഹകരിച്ചു.
ഇതിൽ നീൽ കിന്നോക്ക്, പീറ്റർ ഹെയിൻ തുടങ്ങിയ ലേബർ നേതാക്കളും, എർണി റോബർട്സ് പോലുള്ള ട്രേഡ് യൂണിയൻ പ്രവർത്തകരും, ജാക്ക് ചാൾട്ടൺ, ബ്രയൻ ക്ലഫ്

തുടങ്ങിയ കായികരംഗത്തെ പ്രമുഖരും ഉൾപ്പെട്ടിരുന്നു.
ആന്റി-നാസി ലീഗ് "റോക്ക് എഗെയിൻസ്റ്റ് റേസിസം" (Rock Against Racism) എന്ന സംഗീത പ്രസ്ഥാനവുമായി അടുത്ത ബന്ധത്തിൽ പ്രവർത്തിച്ചു. വംശീയതയ്ക്കും ഫാസിസ്റ്റ് ആശയങ്ങൾക്കും എതിരായ ഈ സാംസ്കാരിക പ്രസ്ഥാനത്തിന് ആ കാലഘട്ടത്തിലെ പ്രശസ്ത സംഗീത സംഘങ്ങളുടെ പിന്തുണ ലഭിച്ചിരുന്നു.

ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനം മൂന്ന് പ്രധാന വഴികളിലൂടെയായിരുന്നു.

ഒന്നാമതായി, നാഷണൽ ഫ്രണ്ടിന്റെ റാലികൾക്കും പൊതുയോഗങ്ങൾക്കും എതിരെ വലിയ ജനകീയ പ്രതിഷേധങ്ങൾ സംഘടിപ്പിച്ചു.

രണ്ടാമതായി, പതിനായിരക്കണക്കിന് ആളുകളെ ആകർഷിച്ച വൻ സംഗീത പരിപാടികൾ സംഘടിപ്പിച്ചു. ചില പരിപാടികളിൽ ഒരു ലക്ഷത്തോളം ആളുകൾ പങ്കെടുത്തു.

മൂന്നാമതായി, നാഷണൽ ഫ്രണ്ട് തിരഞ്ഞെടുപ്പിൽ മത്സരിച്ചപ്പോൾ വലിയ തോതിൽ പ്രചാരണവും ലഘുലേഖ വിതരണവും നടത്തി.

ഈ മൂന്ന് രീതികളുടെയും സംയോജനം നാഷണൽ ഫ്രണ്ടിനെ രാഷ്ട്രീയമായി ദുർബലപ്പെടുത്തുന്നതിൽ വലിയ പങ്കുവഹിച്ചു.
പിന്നീട് 1980-കളിൽ നിക്ക് ഗ്രിഫിന്റെ നേതൃത്വത്തിലുള്ള ബ്രിട്ടീഷ് നാഷണൽ പാർട്ടി (BNP) വളർന്നുവരുമ്പോൾ ആന്റി-നാസി ലീഗ് വീണ്ടും സജീവമായി. അപ്പോഴും ഈ പ്രചരണം ശ്രദ്ധേയമായ വിജയങ്ങൾ നേടി.

നാൽപ്പത് വർഷങ്ങൾക്ക് ശേഷവും ബ്രിട്ടനിൽ മറ്റു ചില രാജ്യങ്ങളിലേതുപോലെ വലിയൊരു ഫാസിസ്റ്റ് സംഘടന വളർന്നുവരാത്തതിന് ആ കാലഘട്ടത്തിലെ ഈ പ്രചരണങ്ങൾക്ക് ഗണ്യമായ പങ്കുണ്ടെന്ന് ലേഖകൻ വിലയിരുത്തുന്നു.
ഇതിന് വിപരീതമായ അനുഭവമാണ് ഫ്രാൻസിലുണ്ടായതെന്ന് അദ്ദേഹം സൂചിപ്പിക്കുന്നു. അവിടെ തീവ്ര ഇടതുപക്ഷ ശക്തികൾ ഫ്രണ്ട് നാഷണലിനെതിരെ ശക്തമായ ജനകീയ പ്രചരണം നടത്തിയില്ല. അതിന്റെ ഫലമായി ആ സംഘടന പിന്നീട് വളരെ വലുതായി വളർന്നു.
വ്യത്യസ്ത രാജ്യങ്ങളിൽ സാഹചര്യങ്ങൾ വ്യത്യസ്തമായിരിക്കാം. എന്നിരുന്നാലും, വിപ്ലവകാരികൾ മുന്നിട്ടുനിൽക്കുകയും, ചില പരിഷ്കരണവാദികളെയും സാമൂഹിക

പുരോഗമന ശക്തികളെയും ഉൾപ്പെടുത്തുകയും, അതോടൊപ്പം ശക്തമായ ജനകീയ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്ന ഐക്യമുന്നണി രീതി ഇന്നും തീവ്ര വലതുപക്ഷ ശക്തികളെ നേരിടാനുള്ള ഫലപ്രദമായ മാർഗമാണെന്ന് വിലയിരുത്തുന്നു.
ഇവിടെ ഏറ്റവും പ്രധാനപ്പെട്ട കാര്യം, കഴിയുന്നത്ര കൂടുതൽ ആളുകളെ പ്രായോഗിക പോരാട്ടത്തിലേക്ക് ആകർഷിക്കാൻ സഹായിക്കുന്ന സംഘടനാരൂപം കണ്ടെത്തുക എന്നതാണ്.

## ഇന്നത്തെ തീവ്ര വലതുപക്ഷം

ഞാൻ ചർച്ച ചെയ്യാൻ ആഗ്രഹിക്കുന്ന രണ്ടാമത്തെ വിഷയം കുറച്ചുകൂടി സങ്കീർണമാണ്. ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉയർന്നുവരുന്ന തീവ്ര വലതുപക്ഷ പാർട്ടികളുടെയും പ്രസ്ഥാനങ്ങളുടെയും സർക്കാരുകളുടെയും സ്വഭാവത്തെക്കുറിച്ചുള്ള ചർച്ചയുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു.
ഇത്തരത്തിലുള്ള സംഘടനകൾ ഇന്ന് വളരെ കൂടുതലാണ്. അവയുടെ സ്വഭാവത്തിലും വലിയ വ്യത്യാസങ്ങളുണ്ട്. ഗ്രീസിലെ ഗോൾഡൻ ഡോൺ, ഹംഗറിയിലെ ജോബിക് തുടങ്ങിയ വ്യക്തമായി നവ-നാസി സ്വഭാവമുള്ള സംഘടനകൾ ഒരു വശത്തുണ്ട്. മറുവശത്ത് ബ്രിട്ടനിലെ UKIP പോലുള്ള താരതമ്യേന മിതമായ വലതുപക്ഷ സംഘടനകളുമുണ്ട്.
ഇവയ്ക്കിടയിൽ പല തരത്തിലുള്ള ശക്തികളും കാണാം. ട്രംപും അദ്ദേഹത്തിന്റെ അനുയായികളും, ഇന്ത്യയിലെ മോദി സർക്കാർ, ബ്രസീലിലെ ബോൾസൊനാരോ, ഹംഗറിയിലെ വിക്ടർ ഓർബാനും ഫിഡെസ് പാർട്ടിയും, ജർമ്മനിയിലെ AfD, ഇറ്റലിയിലെ ലേഗ, സ്വീഡിഷ് ഡെമോക്രാറ്റുകൾ, മറീൻ ലെ പെന്റെ നാഷണൽ റാലി (മുൻ ഫ്രണ്ട് നാഷണൽ) എന്നിവ ഉദാഹരണങ്ങളാണ്.
അയർലണ്ടിലും യെല്ലോ വെസ്റ്റ്സ്, ഐറിഷ് ഫ്രീഡം പാർട്ടി, നാഷണൽ പാർട്ടി തുടങ്ങിയ വിവിധ വലതുപക്ഷ ഗ്രൂപ്പുകൾ ഉണ്ട്.
ഇടതുപക്ഷത്തിലെ ചിലർ ഈ എല്ലാ വ്യത്യസ്ത സംഘടനകളെയും ഒരേപോലെ "ഫാസിസ്റ്റുകൾ" എന്ന് വിളിച്ച് പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നു. പ്രത്യേകിച്ച് വംശീയതയോ കുടിയേറ്റവിരുദ്ധതയോ അടങ്ങിയ സന്ദേശങ്ങൾ ഉപയോഗിക്കുന്ന ഏതൊരു സംഘടനയെയും അവർ ഫാസിസ്റ്റ് വിഭാഗത്തിൽ ഉൾപ്പെടുത്താറുണ്ട്.
ചിലർ അതിലും മുന്നോട്ട് പോയി, താച്ചർ, ജോൺസൺ, ലിയോ വരദ്കർ തുടങ്ങിയ

മുഖ്യധാരാ വലതുപക്ഷ രാഷ്ട്രീയ നേതാക്കളെയും ഫാസിസ്റ്റുകൾ എന്ന് വിശേഷിപ്പിക്കുന്നു.

ലേഖകന്റെ വിലയിരുത്തലിൽ ഇത് സഹായകരമായ സമീപനമല്ല.
കാരണം, ഇങ്ങനെ ചെയ്താൽ "ഫാസിസം" എന്ന ആശയത്തിന് ഉണ്ടായിരുന്ന പ്രത്യേക അർത്ഥം നഷ്ടപ്പെടുന്നു. ബൂർഷ്വാ ജനാധിപത്യ സംവിധാനത്തിനുള്ളിൽ പ്രവർത്തിക്കുന്ന വലതുപക്ഷ പാർട്ടികളെയും, ആ ജനാധിപത്യ ചട്ടക്കൂട് തന്നെ തകർക്കാൻ തയ്യാറാകുന്ന യഥാർത്ഥ ഫാസിസ്റ്റ് ശക്തികളെയും തമ്മിലുള്ള പ്രധാന വ്യത്യാസം ഇല്ലാതാകുന്നു.
ഇതിന് സ്റ്റാലിനിസ്റ്റ് "സോഷ്യൽ ഫാസിസം" സിദ്ധാന്തവുമായി ഒരു സാമ്യമുണ്ട്. അന്ന് സോഷ്യൽ ഡെമോക്രാറ്റുകളെയും ഫാസിസ്റ്റുകളെയും ഒരുപോലെ കാണുന്ന തെറ്റ് ചെയ്തിരുന്നു. ഇവിടെ അതേ തെറ്റ് മറ്റൊരു രൂപത്തിൽ ആവർത്തിക്കപ്പെടുന്നു.
അത്തരം സമീപനം അപകടകരമായ ഒരു ആത്മസംതൃപ്തിയും അശ്രദ്ധയും സൃഷ്ടിക്കുമെന്നും ലേഖകൻ മുന്നറിയിപ്പ് നൽകുന്നു.
അതിനുള്ള വിശദീകരണം ഒരു ഐറിഷ് ഉദാഹരണത്തിലൂടെ നൽകാം.

ലിയോ വരദ്കറും ഫൈൻ ഗെയിൽ പാർട്ടിയും തന്നെ ഫാസിസ്റ്റുകളാണെങ്കിൽ, അതിലും ചെറുതും കൂടുതൽ തീവ്രവലതുപക്ഷ സ്വഭാവമുള്ള നാഷണൽ പാർട്ടിയെക്കുറിച്ച് പ്രത്യേകമായി എന്തിന് ആശങ്കപ്പെടണം?

ഈ ചോദ്യം തന്നെ അത്തരമൊരു വിശകലനത്തിന്റെ പ്രശ്നം വ്യക്തമാക്കുന്നുവെന്ന് ലേഖകൻ വാദിക്കുന്നു.

ട്രോട്സ്കിയുടെ വിശകലനത്തെ അടിസ്ഥാനമാക്കി ചിന്തിക്കുന്നവരുടെ അഭിപ്രായത്തിൽ, എല്ലാ വലതുപക്ഷ ശക്തികളെയും ഒരുപോലെ കാണാൻ പാടില്ല. അവയ്ക്കിടയിൽ ഒരു പ്രധാന വ്യത്യാസം തിരിച്ചറിയേണ്ടതുണ്ട്.
ഒരു വശത്ത് തീവ്ര വലതുപക്ഷ, വംശീയത പ്രചരിപ്പിക്കുന്ന, ജനകീയവാദ (populist) അല്ലെങ്കിൽ ദേശീയവാദ പാർട്ടികൾ ഉണ്ട്. എന്നാൽ അവ ഇപ്പോഴും ബൂർഷ്വാ പാർലമെന്ററി ജനാധിപത്യത്തിന്റെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്നു.
അവർ തിരഞ്ഞെടുപ്പ് ഫലങ്ങൾ അംഗീകരിക്കുന്നു. തെരുവ് അക്രമങ്ങളെയോ സംഘടിത ആക്രമണ സംഘങ്ങളെയോ ആശ്രയിക്കുന്നില്ല. അതിനാൽ അവയെ ഫാസിസ്റ്റ് പാർട്ടികളായി കണക്കാക്കാൻ കഴിയില്ല. ബ്രിട്ടനിലെ UKIP ഇതിന്റെ ഒരു ഉദാഹരണമാണ്.

മറുവശത്ത്, യഥാർത്ഥ ഫാസിസ്റ്റ് സംഘടനകളായി കണക്കാക്കപ്പെടുന്ന ചില പാർട്ടികൾ ഉണ്ട്.
അവയ്ക്ക് സാധാരണയായി താഴെ പറയുന്ന സവിശേഷതകളിൽ ഒന്നോ അതിലധികമോ ഉണ്ടായിരിക്കും:

* ഫാസിസ്റ്റ് അല്ലെങ്കിൽ നാസി പാരമ്പര്യത്തിൽ നിന്ന് നേരിട്ട് വന്ന ചരിത്ര പശ്ചാത്തലം.
* നാസി ആശയങ്ങളിലോ ഗൂഢാലോചനാ സിദ്ധാന്തങ്ങളിലോ വിശ്വസിക്കുന്ന ഒരു കേന്ദ്ര നേതൃത്വ സംഘം.
* സംഘടിത ആക്രമണസംഘങ്ങളോ അർധസൈനിക (paramilitary) സ്വഭാവമുള്ള വിഭാഗങ്ങളോ.

ഇത്തരം സംഘടനകളെയാണ് ട്രോട്സ്കിസ്റ്റ് പാരമ്പര്യത്തിൽ വ്യക്തമായി ഫാസിസ്റ്റ് സംഘടനകളായി കണക്കാക്കുന്നത്.

ഈ വ്യത്യാസം പ്രധാനമായത് എന്തുകൊണ്ടാണ്?

കാരണം, ഇത്തരത്തിലുള്ള യഥാർത്ഥ ഫാസിസ്റ്റ് സംഘടനകൾ അധികാരത്തിലെത്തിയാൽ ഹിറ്റ്ലർ ചെയ്തതുപോലെ പ്രവർത്തിക്കുമെന്നാണ് കരുതപ്പെടുന്നത്.
അവർ പാർലമെന്ററി ജനാധിപത്യത്തെ ദുർബലപ്പെടുത്തുകയോ ഇല്ലാതാക്കുകയോ ചെയ്യും. തിരഞ്ഞെടുപ്പ് ജനാധിപത്യത്തിനുപകരം ഏകാധിപത്യ ഭരണരീതി സ്ഥാപിക്കാൻ ശ്രമിക്കും.
അതോടൊപ്പം ട്രേഡ് യൂണിയനുകൾ ഉൾപ്പെടെ തൊഴിലാളി പ്രസ്ഥാനത്തിന്റെ എല്ലാ സ്വതന്ത്ര സംഘടനകളെയും തകർക്കാൻ ശ്രമിക്കും.
അതിനാൽ എല്ലാ വലതുപക്ഷ ശക്തികളെയും ഒരേ വിഭാഗത്തിൽ ഉൾപ്പെടുത്താതെ, ജനാധിപത്യ ചട്ടക്കൂടിനുള്ളിൽ പ്രവർത്തിക്കുന്നവരെയും അത് തകർക്കാൻ ശ്രമിക്കുന്ന യഥാർത്ഥ ഫാസിസ്റ്റ് ശക്തികളെയും വേർതിരിച്ച് മനസ്സിലാക്കേണ്ടത് അനിവാര്യമാണെന്ന് ഈ സമീപനം വാദിക്കുന്നു.
എന്നാൽ ഈ വ്യത്യാസം ആവശ്യമായതും ശരിയായതുമാണെങ്കിലും, അതുകൊണ്ട് മാത്രം മുഴുവൻ പ്രശ്നവും വിശദീകരിക്കാനാവില്ല.
കഴിഞ്ഞ ഇരുപത് വർഷങ്ങളിലായി ചില രാഷ്ട്രീയ ശക്തികൾ ഉയർന്നുവന്നിട്ടുണ്ട്. അവ പൂർണമായും പരമ്പരാഗത വലതുപക്ഷ പാർട്ടികളോ പൂർണമായും ഫാസിസ്റ്റ്

സംഘടനകളോ അല്ല. മറിച്ച് ഈ രണ്ട് വിഭാഗങ്ങൾക്കിടയിൽ എവിടെയോ നിൽക്കുന്നതുപോലെയാണ് അവയുടെ സ്വഭാവം. രണ്ട് വിഭാഗങ്ങളുടെയും ചില സവിശേഷതകൾ അവയിൽ കാണാം.

ഡൊണാൾഡ് ട്രംപ് ഇതിന്റെ ഒരു പ്രധാന ഉദാഹരണമാണ്.

2016-ൽ ട്രംപ് അമേരിക്കൻ രാഷ്ട്രീയത്തിന്റെ പരമ്പരാഗത കേന്ദ്രത്തിൽ നിന്ന് പുറത്തുള്ള ഒരു വ്യക്തിയായി അധികാരത്തിലെത്തി. എന്നാൽ അദ്ദേഹം അധികാരത്തിലെത്തിയത് റിപ്പബ്ലിക്കൻ പാർട്ടി എന്ന മുഖ്യധാരാ രാഷ്ട്രീയ പാർട്ടിയിലൂടെയായിരുന്നു.
കൂടാതെ, ഹിറ്റ്ലറുടെയോ മുസ്സോളിനിയുടെയോ ഫാസിസ്റ്റ് പ്രസ്ഥാനങ്ങൾക്കുണ്ടായിരുന്നതുപോലെ അദ്ദേഹത്തിന് സ്വന്തമായ ഒരു സംഘടിത തെരുവ് ആക്രമണസേനയോ അർധസൈനിക വിഭാഗമോ ഉണ്ടായിരുന്നില്ല.
ഈ കാരണങ്ങളാൽ ട്രോട്സ്കിയുടെ വിശകലനത്തെ അടിസ്ഥാനമാക്കിയിരുന്ന പലരും ട്രംപിനെ ഫാസിസ്റ്റ് എന്ന് വിളിക്കാൻ തയ്യാറായിരുന്നില്ല.
എന്നാൽ എല്ലാവരും ഇതുമായി യോജിച്ചില്ല.
കോർനെൽ വെസ്റ്റ്, ജൂഡിത്ത് ബട്‌ലർ, Monthly Review മാസികയുമായി ബന്ധപ്പെട്ട ജോൺ ബെല്ലമി ഫോസ്റ്റർ തുടങ്ങിയവർ വ്യത്യസ്തമായ നിലപാട് സ്വീകരിച്ചു.

ഫോസ്റ്ററിന്റെ അഭിപ്രായത്തിൽ, ട്രംപ് ഒരു വലിയ ആഗോള രാഷ്ട്രീയ പ്രവണതയുടെ ഭാഗമാണ്. അദ്ദേഹം അതിനെ "നവ-ഫാസിസം" (Neofascism) എന്ന് വിളിക്കുന്നു.

ഫോസ്റ്ററിന്റെ അഭിപ്രായത്തിൽ, ഈ പുതിയ തരത്തിലുള്ള പ്രസ്ഥാനങ്ങൾ ഫാസിസ്റ്റ് പാരമ്പര്യവുമായി ബന്ധപ്പെട്ട ഒരു വലിയ രാഷ്ട്രീയ കുടുംബത്തിന്റെ ഭാഗമാണ്. അതിൽ ഫാസിസം, നവ-ഫാസിസം, പോസ്റ്റ്-ഫാസിസം തുടങ്ങിയ രൂപങ്ങൾ ഉൾപ്പെടുന്നു.

ഇത്തരം പ്രസ്ഥാനങ്ങളുടെ ചില പൊതുവായ സവിശേഷതകൾ അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു:

* ശക്തമായ വിദേശിവിരോധം (xenophobia).
* അതിതീവ്ര ദേശീയവാദം.
* പ്രധാനമായും ചെറുകിട മധ്യവർഗത്തിലും താരതമ്യേന മെച്ചപ്പെട്ട നിലയിലുള്ള തൊഴിലാളി വിഭാഗങ്ങളിലുമുള്ള പിന്തുണ.

* വലിയ കുത്തക മൂലധനവുമായി ഒരു തരത്തിലുള്ള ബന്ധമോ സഖ്യമോ.

ഫ്രാൻസിലെ നാഷണൽ ഫ്രണ്ട്, ഇറ്റലിയിലെ നോർത്തേൺ ലീഗ്, നെതർലാൻഡ്സിലെ പാർട്ടി ഫോർ ഫ്രീഡം, ബ്രിട്ടനിലെ UKIP, സ്വീഡൻ ഡെമോക്രാറ്റുകൾ തുടങ്ങിയ സംഘടനകളെ ഈ പ്രവണതയുടെ ഉദാഹരണങ്ങളായി ഫോസ്റ്റർ ചൂണ്ടിക്കാണിക്കുന്നു.

അതിനാൽ ഇന്നത്തെ രാഷ്ട്രീയ ചർച്ചയിൽ ഒരു പ്രധാന ചോദ്യം ഉയരുന്നു: ഇത്തരം പുതിയ തീവ്ര വലതുപക്ഷ ശക്തികളെ പഴയ അർത്ഥത്തിൽ "ഫാസിസ്റ്റ്" എന്ന് വിളിക്കണോ, അതോ അവയെ വേറിട്ട ഒരു രാഷ്ട്രീയ വിഭാഗമായി മനസ്സിലാക്കണോ?

ഈ ചോദ്യമാണ് സമകാലിക ഫാസിസത്തെക്കുറിച്ചുള്ള ചർച്ചയിലെ പ്രധാന വിവാദങ്ങളിലൊന്ന്.മൈക്കൽ ലോവിയും "നവ-ഫാസിസം" (Neo-fascism) എന്ന ആശയം ഉപയോഗിക്കുന്നു. എന്നാൽ ഇന്നത്തെ നവ-ഫാസിസവും 1930-കളിലെ ക്ലാസിക് ഫാസിസവും തമ്മിൽ പ്രധാനപ്പെട്ട വ്യത്യാസങ്ങളുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കുന്നു.

ലോവിയുടെ അഭിപ്രായത്തിൽ, സമീപകാല ലോക രാഷ്ട്രീയത്തിലെ ഏറ്റവും ആശങ്കാജനകമായ സംഭവങ്ങളിലൊന്ന് വിവിധ രാജ്യങ്ങളിൽ തീവ്ര വലതുപക്ഷ, അധികാരകേന്ദ്രീകൃത, പിന്തിരിപ്പൻ സർക്കാരുകളുടെ ഉയർച്ചയാണ്.
ജപ്പാനിലെ ഷിൻസോ ആബെ, ഇന്ത്യയിലെ മോദി, അമേരിക്കയിലെ ട്രംപ്, ഹംഗറിയിലെ ഓർബാൻ, ബ്രസീലിലെ ബോൾസൊനാരോ തുടങ്ങിയ നേതാക്കളെ അദ്ദേഹം ഇതിന്റെ ഉദാഹരണങ്ങളായി ചൂണ്ടിക്കാണിക്കുന്നു.

എന്നാൽ ലോവി ഒരു പ്രധാന കാര്യം ഊന്നിപ്പറയുന്നു. നവ-ഫാസിസം എന്നത് 1930-കളിലെ ഫാസിസത്തിന്റെ അതേ രൂപത്തിലുള്ള ആവർത്തനമല്ല.

അത് ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ പ്രത്യേക സാഹചര്യങ്ങളിൽ രൂപപ്പെട്ട ഒരു പുതിയ രാഷ്ട്രീയ പ്രതിഭാസമാണ്.
ഉദാഹരണത്തിന്, ഇന്നത്തെ നവ-ഫാസിസ്റ്റ് പ്രവണതകൾ സാധാരണയായി പഴയ ഫാസിസ്റ്റ് ഭരണകൂടങ്ങളെപ്പോലെ തുറന്ന പോലീസ് ഏകാധിപത്യത്തിന്റെ രൂപം സ്വീകരിക്കുന്നില്ല.
പകരം, അവ തിരഞ്ഞെടുപ്പുകൾ, വിവിധ രാഷ്ട്രീയ പാർട്ടികളുടെ നിലനിൽപ്പ്, മാധ്യമസ്വാതന്ത്ര്യം, പാർലമെന്റ് തുടങ്ങിയ ചില ജനാധിപത്യ സ്ഥാപനങ്ങളെ നിലനിർത്തുന്നു.

അതേസമയം, അധികാരത്തിലിരുന്ന് കഴിയുന്നത്ര ഈ ജനാധിപത്യ അവകാശങ്ങളെ നിയന്ത്രിക്കാനും ദുർബലപ്പെടുത്താനും അവർ ശ്രമിക്കുന്നു. അധികാരകേന്ദ്രീകൃതവും അടിച്ചമർത്തൽ സ്വഭാവമുള്ളതുമായ നടപടികളിലൂടെയാണ് ഇത് ചെയ്യുന്നത്.
അതുപോലെ, 1930-കളിലെ ജർമ്മൻ SS-നെയോ മുസ്സോളിനിയുടെ ഫാസിസ്റ്റ് ആക്രമണസംഘങ്ങളെയോ പോലുള്ള വലിയ സംഘടിത അർധസൈനിക സേനകളെ ആശ്രയിക്കുന്നതും ഇവയുടെ പ്രധാന സവിശേഷതയല്ല.

ഇതേ ആശയവുമായി ബന്ധപ്പെട്ട മറ്റൊരു പദമാണ് "ഇഴഞ്ഞുകയറുന്ന ഫാസിസം" (Creeping Fascism).
ഇന്ന് വിവിധ രാജ്യങ്ങളിൽ കാണുന്ന വംശീയവും തീവ്ര വലതുപക്ഷവുമായ പ്രസ്ഥാനങ്ങളെയും സർക്കാരുകളെയും വിവരിക്കാൻ ചില എഴുത്തുകാർ ഈ പദം ഉപയോഗിക്കുന്നു. ട്രംപിന്റെ രാഷ്ട്രീയ പ്രവണതയും ഇതിൽ ഉൾപ്പെടുന്നു.
ഈ ആശയം കൂടുതൽ വികസിപ്പിച്ചവരിൽ ഒരാളാണ് നീൽ ഫോക്നർ. അദ്ദേഹവും സഹരചയിതാക്കളും ചേർന്ന് എഴുതിയ Creeping Fascism: What It Is and How to Fight It എന്ന പുസ്തകത്തിൽ, പ്രത്യേകിച്ച് ബ്രിട്ടന്റെ സാഹചര്യത്തെ മുൻനിർത്തി ഈ ആശയം വിശദീകരിക്കുന്നു.
ഈ സമീപനത്തിന്റെ പ്രധാന വാദം, ഇന്നത്തെ പല തീവ്ര വലതുപക്ഷ ശക്തികളും പഴയ ഫാസിസ്റ്റ് പ്രസ്ഥാനങ്ങളുടെ കൃത്യമായ പകർപ്പുകളല്ലെങ്കിലും, അവയിൽ ഫാസിസത്തിലേക്ക് നയിക്കാവുന്ന പ്രവണതകളും ഘടകങ്ങളും അടങ്ങിയിട്ടുണ്ടെന്നാണ്.
അതുകൊണ്ട് അവയെ വെറും സാധാരണ വലതുപക്ഷ രാഷ്ട്രീയമെന്ന നിലയിൽ മാത്രം കാണാതെ, ഫാസിസ്റ്റ് അപകടസാധ്യതകളുമായി ബന്ധപ്പെട്ട ഒരു പുതിയ രാഷ്ട്രീയ രൂപമായി പഠിക്കേണ്ടതുണ്ടെന്ന് ഈ ചിന്തകർ വാദിക്കുന്നു.
ഏതെല്ലാം സംഘടനകളെയും സർക്കാരുകളെയും "ഫാസിസ്റ്റ്" എന്ന് വിളിക്കണം, തീവ്ര വലതുപക്ഷ ജനകീയവാദ (populist) ശക്തികളും യഥാർത്ഥ ഫാസിസ്റ്റ് ശക്തികളും തമ്മിലുള്ള അതിർത്തി എവിടെയാണ് എന്നതും ഇന്നത്തെ രാഷ്ട്രീയത്തിലെ പ്രധാന ചർച്ചാവിഷയമാണ്.

ഇതിന് ഫ്രാൻസിലെ നാഷണൽ റാലി (മുൻ ഫ്രണ്ട് നാഷണൽ), ഇറ്റലിയിലെ ലേഗ, ബ്രസീലിലെ ബോൾസൊനാരോ സർക്കാർ തുടങ്ങിയവയുടെ വിശദമായ വിശകലനം ആവശ്യമാണ്. എന്നാൽ അത് ഈ ലേഖനത്തിന്റെ പരിധിക്ക് പുറത്തുള്ള കാര്യമാണ്.
എന്നിരുന്നാലും, "നവ-ഫാസിസം" (Neo-fascism) എന്ന ആശയവും അതിലും കൂടുതൽ

"ഇഴഞ്ഞുകയറുന്ന ഫാസിസം" (Creeping Fascism) എന്ന ആശയവും ലേഖകനെ പൂർണമായി ബോധ്യപ്പെടുത്തുന്നില്ല.
കാരണം, ഈ രണ്ട് ആശയങ്ങളും ഒരു പ്രധാന വ്യത്യാസത്തെ മങ്ങിച്ചുകളയുന്നു.

ആ വ്യത്യാസം എന്താണ്?

ഒരു വശത്ത് പാർലമെന്ററി ജനാധിപത്യത്തെയും തൊഴിലാളി സംഘടനകളെയും പൂർണമായി തകർക്കുകയും ഇല്ലാതാക്കുകയും ചെയ്യുന്ന ഭരണകൂടങ്ങളുണ്ട്.

മറുവശത്ത്, ജനാധിപത്യത്തിനും തൊഴിലാളി സംഘടനകൾക്കും വിവിധ രീതിയിലുള്ള ആക്രമണങ്ങൾ നടത്തുമ്പോഴും അവയെ പൂർണമായി ഇല്ലാതാക്കാത്ത ഭരണകൂടങ്ങളുമുണ്ട്.

ലേഖകന്റെ അഭിപ്രായത്തിൽ, ഈ വ്യത്യാസം വളരെ പ്രധാനപ്പെട്ടതാണ്. അത് ഒരു സൈദ്ധാന്തിക പ്രശ്നം മാത്രമല്ല; തൊഴിലാളി പ്രസ്ഥാനത്തിന്റെ നിലനിൽപ്പുമായി ബന്ധപ്പെട്ട, ജീവിത-മരണ പ്രശ്നമാണ്.

അതേസമയം, മറ്റൊരു തെറ്റും ഒഴിവാക്കണം.

ഒരു പാർട്ടിയുടെയോ നേതാവിന്റെയോ രാഷ്ട്രീയ സ്വഭാവം ഒരിക്കലും മാറില്ലെന്ന് കരുതുന്നത് തെറ്റാണ്.

"പുള്ളിപ്പുലിയുടെ പുള്ളികൾ മാറില്ല" എന്ന പഴമൊഴി രാഷ്ട്രീയത്തിൽ ശരിയാകണമെന്നില്ല.

രാഷ്ട്രീയ പാർട്ടികളും നേതാക്കളും കാലക്രമേണ മാറുന്നു. ചരിത്രം അതിന്റെ നിരവധി ഉദാഹരണങ്ങൾ കാണിക്കുന്നു.

സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടികളും കമ്മ്യൂണിസ്റ്റ് പാർട്ടികളും വിവിധ കാലങ്ങളിൽ തങ്ങളുടെ നിലപാടുകളിൽ വലിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.
ചില പാർട്ടികൾ കൂടുതൽ മിതവാദികളാകാം. ചിലപ്പോൾ അവ കൂടുതൽ തീവ്രമായ ദിശയിലേക്ക് നീങ്ങുകയും ചെയ്യാം.

ഉദാഹരണത്തിന്, സ്വീഡൻ ഡെമോക്രാറ്റുകളുടെ ചരിത്രപരമായ വേരുകൾ സ്വീഡിഷ് ഫാസിസ്റ്റ് പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടിരുന്നു. എന്നാൽ അതുകൊണ്ട് മാത്രം അവർ

ഇന്നും ഫാസിസ്റ്റുകളാണെന്ന് തെളിയിക്കാനാവില്ല.

മറ്റൊരു ഉദാഹരണമാണ് ഓസ്വാൾഡ് മോസ്ലി. അദ്ദേഹം ആദ്യം മുഖ്യധാരാ രാഷ്ട്രീയത്തിലെ ഒരു നേതാവായിരുന്നു. 1929–31 ലെ ലേബർ സർക്കാരിൽ മന്ത്രിയായും പ്രവർത്തിച്ചു. പിന്നീട് അദ്ദേഹം തുറന്ന ഫാസിസ്റ്റായി മാറി.

ഡൊണാൾഡ് ട്രംപിന്റെ കാര്യവും ഇതേ രീതിയിൽ നോക്കാം.

ട്രംപ് പ്രസിഡന്റായി മത്സരിച്ചത് ഫാസിസ്റ്റ് പരിപാടിയുടെ അടിസ്ഥാനത്തിലല്ല. അദ്ദേഹത്തിന്റെ ഭരണകൂടം വംശീയവും സ്ത്രീ വിരുദ്ധവും അധികാരകേന്ദ്രീകൃതവുമായ നിരവധി നയങ്ങൾ പിന്തുടർന്നെങ്കിലും, അത് ക്ലാസിക് അർത്ഥത്തിൽ ഫാസിസ്റ്റ് ഭരണമായിരുന്നില്ല.
ഉദാഹരണത്തിന്, അദ്ദേഹം കോൺഗ്രസിനെ പിരിച്ചുവിട്ടില്ല. തിരഞ്ഞെടുപ്പുകൾ നിർത്തലാക്കിയില്ല. ട്രേഡ് യൂണിയൻ പ്രസ്ഥാനത്തെ പൂർണമായി തകർക്കാനും ശ്രമിച്ചില്ല.
എന്നിരുന്നാലും, 2020-ലെ തിരഞ്ഞെടുപ്പ് പരാജയത്തിന് ശേഷം ഒരു ഘട്ടത്തിൽ അദ്ദേഹം കൂടുതൽ തുറന്ന ഫാസിസ്റ്റ് ദിശയിലേക്ക് നീങ്ങുമോ എന്ന ആശങ്ക ഉയർന്നിരുന്നു.
പ്രത്യേകിച്ച് 2021 ജനുവരി 6-ലെ ക്യാപിറ്റൽ സംഭവങ്ങൾക്ക് മുമ്പ് അത്തരമൊരു സാധ്യത ചിലർ കണ്ടിരുന്നു.
എന്നാൽ അവസാനം അത് സംഭവിച്ചില്ല. ജനുവരി 6-ലെ സംഭവത്തിന്റെ പരാജയത്തിനുശേഷം ട്രംപ് റിപ്പബ്ലിക്കൻ വലതുപക്ഷ രാഷ്ട്രീയത്തിന്റെ ചട്ടക്കൂടിനുള്ളിൽ തന്നെ തുടർന്നു.
എങ്കിലും ഭാവിയിൽ രാഷ്ട്രീയ സാഹചര്യങ്ങൾ മാറുമ്പോൾ നേതാക്കളും പാർട്ടികളും മാറാൻ സാധ്യതയുണ്ടെന്ന കാര്യം മറക്കരുതെന്ന് ലേഖകൻ മുന്നറിയിപ്പ് നൽകുന്നു.
അതുകൊണ്ടാണ് കാര്യങ്ങളെ കൃത്യമായി പഠിക്കുകയും വിശകലനം ചെയ്യുകയും ചെയ്യേണ്ടത്. എന്നാൽ അങ്ങനെ ചെയ്യാൻ ഒരു സൈദ്ധാന്തിക അടിത്തറയും വേണം. എന്റെ അഭിപ്രായത്തിൽ, 1930-കളിൽ ട്രോട്ട്സ്കി വികസിപ്പിച്ച സിദ്ധാന്തം ഇന്നത്തെ ഇത്തരം പഠനങ്ങൾക്കും വിശകലനങ്ങൾക്കും തുടങ്ങാനുള്ള ഏറ്റവും നല്ല അടിസ്ഥാനമാണ്.